## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
# (HOME AFFAIRS)

## 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2024 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27th June, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

734/2024.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ് .

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ (ആഭ്യന്തരകാര്യങ്ങൾ) മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികൾ 24-6-2024-ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂൺ 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂൺ 27.

**പിണറായി വിജയൻ,**
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

# റിപ്പോർട്ട്

## ഭാഗം - I

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### ശിപാർശ

2013-00-104-99-13—അതിഥി സൽക്കാര ചെലവുകൾ ആതിഥേയ/ വിനോദ ചെലവുകൾ

അതിഥി സൽക്കാര ചെലവുകൾക്കായി 2023-24 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 1)

### സ്വീകരിച്ച നടപടി

2013-00-104-99-00-13-00—അതിഥി സൽക്കാര ചെലവുകൾ എന്ന ശീർഷകത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 45,00,000 രൂപയായിരുന്നു. അധിക വിഹിതമായി 44,49,000 രൂപ അനുവദിച്ചു. ആകെ 89,49,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 89,48,923 രൂപയാണ്.

### ശിപാർശ

2013-00-108-99 —സഞ്ചാരചെലവുകൾ

04-01—യാത്രബത്ത

ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം മുൻ വർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 2)

<u>സ്വീകരിച്ച നടപടി</u>

2013-00-108-99-00-04-01—സഞ്ചാര ചെലവുകൾ യാത്രാബത്ത എന്ന ശീർഷകത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 2,50,00,000 രൂപയായിരുന്നു. അധിക വിഹിതമായി 85,00,000 രൂപ അനുവദിച്ചു. ആകെ 3,35,00,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 3,31,77,607 രൂപയാണ്.

<u>ശിപാർശ</u>

2051-00-102-99 —<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

കേരള പബ്ലിക് സർവീസ് കമ്മീഷന്, കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത ചെലവിലേയ്ക്കും കമ്മീഷൻ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, പി.എസ്.സി. ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ വെള്ളക്കരം, ഓഫീസുകളുടെ വാടക നൽകുന്നതിലേയ്ക്കും ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ മേഖല/ജില്ലാ ആഫീസുകളിൽ എത്തിക്കുന്നതിനും പരീക്ഷയ്ക്കുശേഷം ഉത്തരകടലാസുകൾ തിരികെ ആസ്ഥാന ഓഫീസിലേക്ക് എത്തിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കും അനുയോജ്യമായ ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45.40 ലക്ഷം രൂപ |
| 04-01-യാത്ര ചെലവുകൾ-യാത്രബത്ത | 1.1185 കോടി രൂപ |
| 05-1-ഓഫീസ് ചെലവുകൾ വെള്ളക്കരം | 3.00 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 46.43 ലക്ഷം രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 34.39 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 3)

സ്വീകരിച്ച നടപടി

| | |
|---|---|
| 01-4-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 17,05,000 രൂപ അഡീഷണൽ ഓഥറൈസേഷൻ ആയി അനുവദിച്ചു<br>G.O.(Rt)No. 6768/2023/Fin. dated 25-9-2023 |
| 04-01-യാത്ര ചെലവുകൾ-യാത്രബത്ത | അധിക തുക അനുവദിച്ചിട്ടില്ല |
| 05-1-ഓഫീസ് ചെലവുകൾ വെള്ളക്കരം | 1) Rs. 2,00,000 (G.O.(Rt)No. 5597/2023/Fin dated 27-7-2023<br>2) Rs. 3,00,000 (G.O.(Rt)No. 731/2024/Fin dated 25-1-2024<br>3) Rs. 1,20,000 (G.O.(Rt)No. 2477/2024/Fin dated 15-3-2024 അഡീഷണൽ ഓഥറൈസേഷൻ ആയി അനുവദിച്ചു (Total - Rs. 6,20,000) |
| 06-വാടക, കരം, നികുതി | 46,43,000 രൂപ അഡീഷണൽ ഓഥറൈസേഷൻ ആയി അനുവദിച്ചു<br>G.O.(Rt)No. 1319/2024/Fin. dated 15-2-2024 |
| 21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | അധിക തുക അനുവദിച്ചിട്ടില്ല |

ശിപാർശ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം എന്നിവ നൽകുന്നതിനും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൻ കീഴിലെ കണക്കിനങ്ങളിൽ 01-4 – ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 20 ലക്ഷം രൂപ, 02 – വേതനം - 8.78 ലക്ഷം രൂപ, 21-2 മോട്ടോർ – വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും-50,000 രൂപ എന്നിങ്ങനെ തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 4)

<u>സ്വീകരിച്ച നടപടി</u>

2052-00-090-99-00-02 (01, 02, 03) വേതനം എന്ന ശീർഷകത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 1,06,22,000 രൂപ ആയിരുന്നു. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 80,70,509 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

2052-00-090-99-00-01-04 മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 31,37,000 രൂപയായിരുന്നു. അധിക വിഹിതമായി 16,97,000 രൂപ അനുവദിച്ചു. ആകെ 48,34,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 47,87,777 രൂപയാണ്.

2052-00-090-99-00-21-02 മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 2,77,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 2,61,086 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2052-00-090-98—<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത എന്നീ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4 – ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും 04-1 – യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 13 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5)

<u>സ്വീകരിച്ച നടപടി</u>

2052-00-090-98-00-04-01 മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ യാത്രാ ചെലവുകൾ വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 5,00,000 രൂപയായിരുന്നു. അധിക വിഹിതമായി 22,00,000 രൂപ അനുവദിച്ചു. ആകെ 27,00,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 26,42,188 രൂപയാണ്.

2052-00-090-98-00-01-04 മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 63,000 രൂപയായിരുന്നു. ഈ ശീർഷകത്തിൽ നിന്നും 2023-2024 സാമ്പത്തിക വർഷം തുക ഒന്നും തന്നെ ചെലവ് വരാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2052-00-090-97—മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിലെ 04-1 - യാത്രബത്ത എന്ന കണക്കിനത്തിൽ അനുവദിച്ച 35 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ ഈ കണക്കിനത്തിൽ 10.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 6)

സ്വീകരിച്ച നടപടി

2052-00-090-97-00-04-01 മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ യാത്രാ ചെലവുകൾ വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 35,00,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 34,98,767 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2052-00-090-95—നിയമവകുപ്പ്

01—ശമ്പളം (മെഡിക്കൽ റീഇംബേഴ്സ്മെന്റും ഓവർടൈം അലവൻസും ഒഴികെ)

ജീവനക്കാരുടെ ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ നല്കുന്നതിലേയ്ക്ക് കൂടുതൽ തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 6.3657 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 13.95 ലക്ഷം രൂപ |
| 04-1-യാത്ര ചെലവുകൾ | 2.85 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | 96,000 രൂപ |
| 04-4-അവധി യാത്രാനുകൂല്യം | 7.60 ലക്ഷം രൂപ |
| 05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 16.89 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 5.24 ലക്ഷം രൂപ |
| 26-ഔദ്യോഗിക ഭാഷാ പ്രയോഗം | 98,000 രൂപ |
| 45-പി.ഒ.എൽ. | 3.53 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ7)

സ്വീകരിച്ച നടപടി

ബഹുമാനപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2052-00-090-95-00-01-01 - ശമ്പളം (മെഡിക്കൽ റീഇംബേഴ്സ്മെന്റും ഓവർടൈം അലവൻസും ഒഴികെ) എന്ന കണക്ക് ശീർഷകത്തിൽ 6.3657 കോടി രൂപ നടപ്പു സാമ്പത്തിക വർഷം (2023-2024) ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ച് ഉത്തരവാകണമെന്ന് 22-5-2023-ലെ എ.സി.4/133/2023-നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിൽ 2052-00-090-95-04-2-സ്ഥലമാറ്റ ബത്ത എന്ന കണക്ക് ശീർഷകത്തിൽ 17-8-2023-ലെ G.O.(Rt) No.6061/ 2023/Fin. പ്രകാരം 44,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2052-00-090-95—നിയമവകുപ്പ്

01-6—ഓവർടൈം അലവൻസ്

നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണവും മറ്റു നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ

ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി നിലവിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ചെലവിലേയ്ക്കായി 5 ലക്ഷം രൂപ ആവശ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4.99 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

<u>സ്വീകരിച്ച നടപടി</u>

ബഹുമാനപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2052-00-090-95-01-6 - ഓവർടൈം അലവൻസ് എന്ന കണക്ക് ശീർഷകത്തിൽ 4.99 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം (2023-2024) ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ച് ഉത്തരവാകണമെന്ന് 22-5-2023-ലെ എ.സി.4/133/2023-നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അധികമായി തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2052-00-090-73—<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയിഡ്</u>

31—<u>സഹായധനം - ശമ്പളം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 31-സഹായധനം-ശമ്പള ഇനത്തിൽ 34.5750 ലക്ഷം രൂപയും 36-സഹായധനം ശമ്പളേതരം ഇനത്തിൽ 2.3975 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

<u>സ്വീകരിച്ച നടപടി</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ്-ഇൻ-എയ്ഡായി ആകെ അനുവദിച്ച തുക 87,66,000 രൂപയാണ്. അതിൽ ശമ്പളയിനത്തിൽ 33,66,000 രൂപയും ശമ്പളേതരയിനത്തിൽ 54,00,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ശമ്പള ഇനത്തിൽ അനുവദനീയമായതിനേക്കാൾ അധികം ചെലവായതായി ഡയറക്ടർ

ജനറൽ അറിയിച്ചിട്ടുള്ള 12,49,625 രൂപ ശമ്പളേതരയിനത്തിൽ നിന്നും Re-appropriate ചെയ്ത് നൽകിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി XIV ശിപാർശ ചെയ്ത പ്രകാരമുള്ള തുകയായ 2.74325 കോടി രൂപ (34.5750 ലക്ഷം + 2.3975 കോടി) അധികമായി അനുവദിക്കണമെന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ, ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച് തീരാത്തതിനാൽ പരിഗണിച്ചിട്ടില്ല.

<u>ശിപാർശ</u>

2052-00-090-66—<u>സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ</u>

2023-24 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടികൾക്കും ഇൻഡക്ഷൻ പരിപാടികൾക്കുമുള്ള ഫാക്കൽട്ടി ഫീസ്, റിഫ്രഷ്മെന്റ്, സ്റ്റേഷനറി എന്നീ ഇനങ്ങളിലെയും ചെലവ് നിർവഹിക്കുവാൻ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ആദ്യം തേടിയപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കാനാണ് അറിയിച്ചത്. തുടർന്ന് അനുവദിക്കപ്പെട്ട തുക ഏതാണ്ട് പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം ധനകാര്യ വകുപ്പിന്റെ അംഗീകാരം വീണ്ടും തേടിയപ്പോൾ സമിതി ശിപാർശ പ്രകാരമുള്ള 3 ലക്ഷം രൂപ കൂടി 2024 മാർച്ച് മാസം ആദ്യവാരത്തിൽ അനുവദിച്ചു. തുടർന്ന്, നടത്തുവാനുദ്ദേശിച്ച ഭൂരിഭാഗം ട്രെയിനിങ്ങുകളും സമയപരിധിക്കുള്ളിൽത്തന്നെ നടത്തി തീർക്കുവാൻ സാധിച്ചതിനാൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 5 ലക്ഷം രൂപയും സമിതി ശിപാർശ പ്രകാരം അനുവദിക്കപ്പെട്ട അധിക തുകയായ 3 ലക്ഷം രൂപയും അടക്കം മൊത്തം 8 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞു.

ശിപാർശ

2052-00-090-64—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി സബ്സിഡി ഇനത്തിൽ നടപ്പു വർഷം അനുവദിച്ച തുക, മുൻ വർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

സ്വീകരിച്ച നടപടി

2052-00-090-64-00-33 കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ സഹായം വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 60,50,000 രൂപയായിരുന്നു. അധിക വിഹിതമായി 38,10,000 രൂപ അനുവദിച്ചു. ആകെ 98,60,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 96,88,274 രൂപയാണ്.

ശിപാർശ

2251-00-090-99—സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത എന്നീ ചെലവുകൾ നിർവഹിക്കുന്നതിലേക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4 – ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ഇനത്തിൽ 10 ലക്ഷം രൂപയും 04-2 – യാത്രാചെലവുകൾ – സ്ഥലംമാറ്റബത്ത ഇനത്തിൽ 2.62 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

സ്വീകരിച്ച നടപടി

2251-00-090-99-00-01-04 മെഡിക്കൽ റീഇംബേഴ്സ്മെന്റ് വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 15,00,000 രൂപയായിരുന്നു. അധിക വിഹിതമായി 1,31,000 രൂപ അനുവദിച്ചു. ആകെ 16,31,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 16,28,866 രൂപയാണ്.

2251-00-090-99-00-04-02 യാത്രാ ചെലവുകൾ സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 58,000 രൂപ ആയിരുന്നു. 2023-2024 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ നിന്നും തുക ഒന്നും തന്നെ ചെലവായിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3451-00-090-99—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവീസുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത ഇനങ്ങളിൽ യഥാക്രമം 10 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെ തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 15)

സ്വീകരിച്ച നടപടി

3451-00-090-99-00-01-04 മെഡിക്കൽ റീഇംബേഴ്സ്മെന്റ് വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 10,20,000 രൂപയായിരുന്നു. അധിക വിഹിതമായി 44,77,000 രൂപ അനുവദിച്ചു. ആകെ 54,97,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 54,95,618 രൂപയാണ്.

3451-00-090-99-00-04-01 യാത്രാ ചെലവുകൾ യാത്രാബത്ത വഹിക്കുന്ന ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 66,60,000 രൂപയായിരുന്നു. അധിക വിഹിതമായി 30,00,000 രൂപ അനുവദിച്ചു. ആകെ 96,60,000 രൂപ. ഈ ശീർഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 96,18,843 രൂപയാണ്.

ശിപാർശ

3451-00-090-98—നിയമ വകുപ്പിന്റെ നവീകരണം

നിയമ വകുപ്പിൽ ഇൻഹൗസ് ട്രെയിനിംഗും സാമൂഹിക നിയമ അവബോധനം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികളും ഭരണഘടനാ ദിനാഘോഷ പരിപാടികളും സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18.42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരം ഉള്ള തുക ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ അധിക തുക അനുവദിച്ച് ഉത്തരവായിട്ടില്ല.

<u>ശിപാർശ</u>

3451-00-092-95—<u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34-3—<u>മറ്റ് ചെലവുകൾ</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതിനും കൂടാതെ വകുപ്പിന്റെ മറ്റ് ആവശ്യങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 21.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 17)

<u>സ്വീകരിച്ച നടപടി</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും വാഹനത്തിന്റെ വാടകയിനത്തിനുമായി 2023-24 സാമ്പത്തിക വർഷത്തിൽ 3451-00-092-95 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 6.84 ലക്ഷം രൂപ (ആറു ലക്ഷത്തി എൺപത്തി നാലായിരം രൂപ) അനുവദിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ 09/06/2023-ലെ G.O. (Rt) No.4381/ 2023/Fin നമ്പർ ഉത്തരവ് പ്രകാരം 21,00,000 രൂപ (ഇരുപത്തി ഒന്ന് ലക്ഷം രൂപ) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 27,84,000 രൂപ (ഇരുപത്തേഴ ലക്ഷത്തി എൺപത്തിനാലായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ മതിയാകുന്നതാണ്.

ശിപാർശ

3451-00-092-83—പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം

പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ പ്രോജക്ട് കോ-ഓർഡിനേറ്റേഴ്സ്/ജൂനിയർ റിസോർസ് പേഴ്സൺസ്/എക്സിക്യൂട്ടീവ് അസിസ്റ്റന്റ്സ് എന്നിവരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 3-10-2023-ലെ സ.ഉ.(സാധാ) നമ്പർ 6935/2023/ധന. ഉത്തരവ് പ്രകാരം 3451-00-092-83-00-02-04-P-V (Consolidated Pay of Project Coordinators and Junior Resource Persons) എന്ന ശീർഷകത്തിൽ 1,09,66,000 രൂപ അധിക തുകയായി അനുവദിക്കുകയും ആയതു പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 3451-00-092-99-00-02-04-N-V (Consolidated Pay of Executive Assistants) എന്ന ശീർഷകത്തിൽ 14,05,000 രൂപ അധിക തുകയായി അനുവദിക്കുകയും ടി ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 5,64,000 രൂപ നീക്കിയിരിപ്പുണ്ട്.

ശിപാർശ

3451-00-101-98—ജില്ലാവികസന കൗൺസിലും സംസ്ഥാന പ്ലാനിംഗ് ഉപദേശക ബോർഡും

ജില്ലാവികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ പ്രിന്റർ മുതലായവയുമായി ബന്ധപ്പെട്ട ചെലവുകൾ, എം.എൽ.എ./എം.പി - മാരുടെ യാത്രാബത്ത ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

<u>സ്വീകരിച്ച നടപടി</u>

3451-00-101-98—ജില്ലാ വികസന കൗൺസിലും സംസ്ഥാന പ്ലാനിംഗ് ഉപദേശക ബോർഡും എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നെങ്കിലും ടി ശീർഷകത്തിൽ പര്യാപ്തമായ തുക ഉണ്ടായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ</u>

2014-00-102-99—<u>ഹൈക്കോടതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്‌ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ചെലവുകൾ, ടെലഫോൺ ചെലവ്, മറ്റു ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.5 കോടി രൂപ |
| 04-4- അവധിയാത്രാനുകൂല്യം | 25 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 10 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | 10 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 1.50 കോടി രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 3.6299 കോടി രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 10 ലക്ഷം രൂപ |
| 34-3- മറ്റിനം | 48 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 10 ലക്ഷം രൂപ |
| 91-പരിശീലനം | 21 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 25)

## സ്വീകരിച്ച നടപടി

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാൻ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 10-1-2024-ലെ G.O(Rt)No.316/2024/Fin. പ്രകാരം 57 ലക്ഷം രൂപ അധികം ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

04-4—അവധിയാത്രാനുകൂല്യം

2023-24 സാമ്പത്തിക വർഷത്തിൽ അവധി യാത്രാനുകൂല്യ ക്ലെയിമുകൾ പ്രതീക്ഷിച്ചതിനേക്കാൾ കുറവാണ് ലഭിച്ചത്. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

05-1—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെട്ട് കഴിഞ്ഞതിനാൽ ഈ ശീർഷകത്തിൽ 4,80,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി 27-2-2024-ലെ G.O(Rt)No.1848/2024/Fin. പ്രകാരം നൽകിയിട്ടുണ്ട്.

05-3—ടെലിഫോൺ ചെലവ്

ഈ സാമ്പത്തിക വർഷത്തിലെ ടെലിഫോൺ ചെലവുകൾ പ്രതീക്ഷിച്ചതിനേക്കാൾ കുറവായിരുന്നു. ആയതിനാൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

05-4—മറ്റിനങ്ങൾ

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 7-1-2024-ലെ G.O(Rt)No.190/2024/Fin. പ്രകാരം 1 കോടി രൂപ അധികം ചെലവഴിക്കാനുള്ള അനുമതി നൽകി. ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ഈ സാമ്പത്തിക വർഷത്തിൽ ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ ആവശ്യത്തിലേക്കായി 11 പുതിയ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിച്ചിരുന്നു. പുതിയ

മോഡൽ വാഹനത്തിന്റെ കൃത്യമായ വില വിവരങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ഒരു വാഹനത്തിന് ശരാശരി 33 ലക്ഷം രൂപ നിരക്കിൽ 3.6299 കോടി രൂപയാണ് ഇതിനായി പ്രതീക്ഷിക്കപ്പെട്ട ചെലവ്.

17-6-2023-ലെ G.O(Rt)No.4658/2023/Fin. പ്രകാരം ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ ആവശ്യത്തിലേക്കായി 11 വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൻ കീഴിൽ 2,70,98,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി സർക്കാർ നൽകുകയുണ്ടായി. പിന്നീട് അധികമായി അനുവദിച്ച തുക ക്രമീകരിക്കുന്നതിലേക്കായി 2,70,98,000 രൂപ പ്രാഥമിക ഉപധനാഭ്യർത്ഥനയിൽ സർക്കാർ വകയിരുത്തുകയുണ്ടായി. ടി വാഹനങ്ങൾ വാങ്ങുന്നതിനായി അധികമായി അനുവദിച്ച തുക പര്യാപ്തമല്ലാതിരുന്നതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 17,36,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി 7-10-2023-ലെ G.O(Rt)N0.7090/2023/Fin. ഉത്തരവ് പ്രകാരം സർക്കാർ നൽകുകയുണ്ടായി.

തുടർന്ന് ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ ആവശ്യത്തിലേക്കായി ഒരു വാഹനത്തിന് 25.55 ലക്ഷം രൂപ നിരക്കിൽ 10 ഇന്നോവ ക്രിസ്റ്റ ZX7 MT മോഡൽ വാഹനങ്ങളും, ബഹു. ചീഫ് ജസ്റ്റിസിന്റെ ആവശ്യത്തിലേക്കായി 29.70 ലക്ഷം രൂപ നിരക്കിൽ 1 ടൊയോട്ട ഹൈക്രോസ്റ്റ് ZX-AT-HA മോഡൽ വാഹനവും വാങ്ങുകയുണ്ടായി.

അധികമായി ചെലവഴിക്കാൻ അനുമതി ലഭിച്ച ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഹൈക്കോടതിയിലേക്ക് പുതുതായി വാങ്ങിയ 11 വാഹനങ്ങൾക്ക് ആവശ്യമായി അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ 7,00,000 രൂപ അധികമായി ചെലവഴിക്കാനുള്ള അനുമതി 7-11-2023-ലെ G.O(Rt)No.7090/2023/Fin. ഉത്തരവ് പ്രകാരം സർക്കാർ നൽകുകയുണ്ടായി. ഇത് കൂടാതെ ഹൈക്കോടതിയിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി 7-1-2024-ലെ G.O(Rt)No.192/2024/Fin. പ്രകാരം 20,00,000 രൂപയും അധികമായി ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2023-2024 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

34-3 —<u>മറ്റിനം</u>

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 7-11-2023 ലെ G.O.(Rt) No. 7775/ 2023/Fin, പ്രകാരം 25,00,000/- രൂപയും, 7-1-2024 ലെ G.O.(Rt) No. 192/ 2024/Fin., പ്രകാരം 35,48,000 രൂപയും അധികം ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2023-2024 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

45—<u>പി.ഒ.എൽ.</u>

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7,42,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി 27-2-2024-ലെ G.O(Rt)No.1848/2024/Fin. പ്രകാരം നൽകിയിട്ടുണ്ട്.

91—<u>പരിശീലനം</u>

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 7-1-2024-ലെ G.O(Rt)No.192/2024/Fin., പ്രകാരം 17,36,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2024-ലെ ഉപധനാഭ്യർത്ഥന പ്രകാരം ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2014-00-105-99—<u>സിവിലും സെഷൻസും കോടതികൾ</u>

ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2023-24 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 02-5-ദിവസവേതനം | 1 കോടി രൂപ |
| 06-വാടക, കരം, നികുതി | 45.50 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 56.28 ലക്ഷം രൂപ |
| 34-3-മറ്റിനം | 90.56 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 26)

## സ്വീകരിച്ച നടപടി

### 02-5—ദിവസവേതനം

വിനിയോഗ നിയന്ത്രണം ഇല്ലാത്ത ശീർഷകം ആയതിനാൽ ഇതിൽ നിന്നും തടസ്സമില്ലാതെ വേതനം നൽകി വരികയാണ്. ടി ശീർഷകത്തിനുകീഴിൽ ബഡ്ജറ്റ് വിഹിതത്തിന്മേൽ അധികമായി വരുന്ന ചെലവ് ക്രമപ്പെടുത്താനുള്ള നടപടികൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാനം കൈക്കൊള്ളുന്നതാണ്.

### 06—വാടക, കരം, നികുതി

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായിരുന്നതിനാൽ 40,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും, 10-1-2024-ലെ G.O(Rt)No.318/2024/Fin. പ്രകാരം 20,00,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി മാത്രമാണ് ലഭിച്ചത്. ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർത്ഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

### 21-1—വാഹനങ്ങൾ വാങ്ങൽ

കൊല്ലം, മഞ്ചേരി, കൽപ്പറ്റ, കാസർഗോഡ് എന്നിവിടങ്ങളിലെ 1st അഡീഷണൽ ജില്ലാ ജഡ്ജിമാരുടെ ഉപയോഗത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി 4-1-2024-ലെ G.O(Rt)No.49/2024/HOME പ്രകാരം ലഭിക്കുകയുണ്ടായി. ഇതിനായി ഈ ശീർഷകത്തിനുകീഴിൽ 48,00,000 രൂപ അനുവദിക്കാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഇത് കൂടാതെ 8,28,000 രൂപ നിരക്കിൽ തൊടുപുഴ ജില്ലാ കോടതിക്ക് വേണ്ടി ഒരു മഹീന്ദ്ര ബൊലേറോ ബി 6 (OPT) വാഹനം വാങ്ങാനുള്ള ഭരണാനുമതിക്കുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നുവെങ്കിലും, 3-7-2023-ലെ G.O(Rt)No.1755/2023/HOME പ്രകാരം ഫോസിൽ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ഒരു ജീപ്പ് വാടകയ്ക്ക് എടുക്കാനുള്ള നിർദ്ദേശമാണ് ലഭിച്ചത്. ഗവൺമെന്റ് നിശ്ചയിക്കുന്ന വാടക നിരക്കിന് വാഹനം ലഭ്യമല്ലാത്തതിനാൽ പുതിയ മഹീന്ദ്ര ബൊലേറോ ബി 6 (OPT) വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### 34-3—മറ്റിനം

1. NDPS കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതി/അധിക ജില്ലാ സെഷൻസ് കോടതി വടകര.

2. NDPS കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതി/ അധിക ജില്ലാ സെഷൻസ് കോടതി-II തൊടുപുഴ.

3. അധിക ജില്ലാ സെഷൻസ് കോടതി-II പത്തനംതിട്ട എന്നീ കോടതികളിൽ 'കടലാസ്സ് രഹിത കോടതികൾ' പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ, മറ്റ് വിവിധ ജോലികൾ എന്നിവ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ നിന്നും 90,50,926 രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്.

തുടർന്ന് 7-10-2023-ലെ G.O.(Rt)No.2869/2023/HOME ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ മൂന്ന് കോടതികളിൽ 'കടലാസ് രഹിത കോടതികൾ' പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാനുള്ള ഭരണാനുമതി സർക്കാർ നൽകുകയുണ്ടായി. ടി ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കുന്ന കോടതികളിലെ സിവിൽ, ഇലക്ട്രിക്, മറ്റ് വിവിധ ജോലികൾ എന്നിവ പൂർത്തീകരിക്കുന്നതിനായി വേണ്ടിവരുന്ന ചെലവുകൾ '2059-60-051-98-17-നീതിന്യായ നിർവഹണം-ചെറുകിട മരാമത്തു പണികൾ എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പ്രസ്തുത ശീർഷകം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒന്നായതിനാൽ വകുപ്പിനോട് സത്വര നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ശിപാർശ

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര - ട്രിബ്യൂണലുകൾ

21-1—വാഹനങ്ങൾ വാങ്ങൽ

പുനലൂർ, തളിപ്പറമ്പ, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

സ്വീകരിച്ച നടപടി

പുനലൂർ, തളിപ്പറമ്പ, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യത്തിലേക്കായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി 4-1-2024-ലെ G.O.(Rt) No.49/2024/HOME പ്രകാരം ലഭിക്കുകയുണ്ടായി. ഇതിനായി ഈ ശീർഷകത്തിനു കീഴിൽ 48,00,000 രൂപ അനുവദിക്കാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2014-00-105-91—വഖഫ് ട്രിബ്യൂണൽ

വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശികയും ജുഡീഷ്യൽ ഇതര അംഗത്തിന്റെ വീട്ടുവാടകയും ട്രിബ്യൂണലിന്റെ ആവശ്യത്തിനായി എടുത്ത വാഹനങ്ങളുടെ വാടക നൽകുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ, 06 - വാടക, കരം, നികുതി കണക്കിനത്തിൽ 41 ലക്ഷം രൂപയും 97 - വാഹനങ്ങളുടെ വാടക എന്ന കണക്കിനത്തിൽ 7.78 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

സ്വീകരിച്ച നടപടി

06—വാടക, കരം, നികുതി

16-10-2023-ലെ G.O.(Rt)No.3700/2023/RD പ്രകാരം, 14-12-2021 മുതൽ 15-3-2023 വരെ കാലയളവിലുള്ള വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക, നിലവിലുള്ളതിൽ നിന്നും 5% (18% ജി.എസ്.ടി. ഉൾപ്പെടെ) വർധിപ്പിച്ച് ഉത്തരവായിരുന്നു. ഈ വാടക കുടിശ്ശികയും ജുഡീഷ്യൽ ഇതര അംഗത്തിന് ഈ ശീർഷകത്തിൽ നിന്നും നൽകുന്ന വാടകയും കണക്കിലെടുത്ത് 24-11-2023-ലെ HCKL/2392/2023-FW-6(3) നമ്പർ കത്ത് പ്രകാരം 18,82,000 രൂപ അധികമായി ചെലവഴിക്കാനുള്ള അനുമതി തേടിയെങ്കിലും 10-1-2024-ലെ G.O.(Rt)No.318/2024/Fin. പ്രകാരം 10,00,000 രൂപ ചെലവഴിക്കാനുള്ള അനുമതിയാണ് ലഭിച്ചത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഈ തുക ധനപുനഃവിനിയോഗത്തിലൂടെ ക്രമീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

97—വാഹനങ്ങളുടെ വാടക

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതത്തിന്റെ ഭൂരിഭാഗവും വഖഫ് ട്രൈബ്യൂണലിന്റെ ആവശ്യത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള 2 കാറുകളുടെ വാടക കുടിശ്ശിക നൽകുന്നതിനായാണ് ഉപയോഗിച്ചത്. തുടർന്ന് 7-11-2023-ലെ G.O.(Rt)No.7785/2023/Fin. ഉത്തരവ് പ്രകാരം ടി ശീർഷകത്തിന് കീഴിൽ 10,87,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

## ശിപാർശ

2014-00-108-99—ക്രിമിനൽ കോടതികൾ

ക്രിമിനൽ കോടതികളുടെ വിവിധ ശീർഷകങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 02-5- ദിവസവേതനം | 2.5229 കോടി രൂപ |
| 05-2- വൈദ്യുതി ചെലവ് | 10 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 25 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 12 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 29)

## സ്വീകരിച്ച നടപടി

02-5—ദിവസവേതനം

വിനിയോഗ നിയന്ത്രണം ഇല്ലാത്ത ശീർഷകം ആയതിനാൽ ഇതിൽ നിന്നും തടസ്സമില്ലാതെ വേതനം നൽകി വരികയാണ്. ടി ശീർഷകത്തിന് കീഴിൽ ബജറ്റ് വിഹിതത്തിന്മേൽ അധികമായി വരുന്ന ചെലവ് ക്രമപ്പെടുത്താനുള്ള നടപടികൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാനം കൈക്കൊള്ളുന്നതാണ്.

05-2—വൈദ്യുതി ചെലവ്

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-12-2023-ലെ G.O.(Rt)No.9014/2023/Fin. ഉത്തരവ് പ്രകാരം 10,00,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി ലഭിക്കുകയുണ്ടായി. ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

05-4—മറ്റിനങ്ങൾ

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം തീർത്തും അപര്യാപ്തമായിരുന്നതിനാൽ 24-11-2023-ലെ HCKL/2392/2023-FW6(3) നമ്പർ കത്ത് പ്രകാരം 15,00,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതി തേടിയിരുന്നുവെങ്കിലും 10-1-2024-ലെ G.O.(Rt)No.318/2024/Fin. പ്രകാരം 5,00,000 രൂപയ്ക്കുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ആയത് ക്രമീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അഭാവം മൂലം 5,00,000 രൂപ കൂടി ശീർഷകത്തിൽ അനുവദിക്കാനുള്ള അപേക്ഷയും ഇതിന് പുറമെ 10,00,000 രൂപ അധികമായി ചെലവഴിക്കാനുള്ള അനുമതിക്കുള്ള അപേക്ഷയും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

21-1—വാഹനങ്ങൾ വാങ്ങൽ

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്ക് വാഹനം വാങ്ങുന്നതിനായി 6 ലക്ഷം രൂപ വീതം അധികമായി ചെലവാക്കാനുള്ള അനുമതി യഥാക്രമം 1-7-2023-ലെ G.O.(Rt)No.5001/2023/Fin., 20-9-2023-ലെ G.O.(Rt)No.6698/2023/Fin. എന്നിവ പ്രകാരം നൽകുകയുണ്ടായി. ടി തുകയിൽ 11,79,000 രൂപ വാഹനങ്ങൾ വാങ്ങാനായി വിനിയോഗിക്കുകയും ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉപധനാഭ്യർഥന വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

ശിപാർശ

2014-00-110-99—അഡ്മിനിസ്ട്രേറ്റേഴ്സ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

കാര്യാലയത്തിന്റെ ഫൈബർനെറ്റ് ബില്ല്, ഐ.റ്റി. ക്വാർട്ടർ ഫയലിംഗ് ചാർജ്ജുകൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 15,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 30)

സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ജനറൽ & ഒഫിഷ്യൽ ട്രസ്റ്റി കാര്യാലയത്തിലെ 2014-00-110-99-05-4 - മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 5,000 രൂപ 9-10-2023 തീയതിയിലെ G.O.(Rt) No. 7112/2023/Fin. നമ്പർ ഉത്തരവ് പ്രകാരം അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ് (ആകെ 5,000 രൂപ)

ശിപാർശ

2014-00-114-99—നിയമോപദേഷ്ടാക്കൾ ലാ ഓഫീസർമാർ

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഒരു വിഭാഗം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ വാടകയിനത്തിലും വസ്തു നികുതിയിനത്തിലും തുക കൂടുതലായി ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 31)

സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ജനറൽ & ഒഫിഷ്യൽ ട്രസ്റ്റി കാര്യാലയത്തിലെ 2014-00-114-99-06 - വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 37 ലക്ഷം രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

99-06 - വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 6-6-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4277/2023/ധനം നമ്പർ ഉത്തരവ് പ്രകാരം 13,00,000 രൂപയും 21-9-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 6708/2023/ധനം നമ്പർ ഉത്തരവ് പ്രകാരം 24,00,000 രൂപയും അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 37,00,000 രൂപ)

ശിപാർശ

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവ. പ്ലീഡർമാർ, ഗവ. അഡ്വക്കേറ്റ്സ്, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ സ്പെഷ്യൽ ഗവ.പ്ലീഡർമാരുടെയും പ്രതിഫലം, ജില്ലാ ഗവ. പ്ലീഡറുടെ ഓഫീസിൽ നിയമിതരായിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധനവും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനച്ചെലവ്, 14 വാഹനങ്ങളുടെ ഇൻഷ്വറൻസ് തുടങ്ങിയ ചെലവുകൾക്കും ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 32)

<u>സ്വീകരിച്ച നടപടി</u>

ബഹു. വിഷയ നിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98" ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് 8-5-2023-ലെ MC1/33/2023/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ Budget Allocation and Monitoring System പരിശോധിച്ചതിൽ പ്രസ്തുത ശീർഷകത്തിൽ മേൽ കുറിപ്പിനനുസൃതമായ അധിക ധനം അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2014-00-114-97—<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിൽ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി, ഇലക്ട്രിസിറ്റി, വാടക തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

<u>സ്വീകരിച്ച നടപടി</u>

2014-00-114-97 അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും 3,95,000 രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) മാത്രമാണ് അധികമായി വകയിരുത്തിയിട്ടുള്ളത്.

<u>ശിപാർശ</u>

2014-00-114-96—<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും വാടക, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

## സ്വീകരിച്ച നടപടി

2014-00-114-96 - പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ടി തുക വകയിരുത്തിയിട്ടില്ല.

## ശിപാർശ

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി (കെൽസ)

കെൽസയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 1 | 2 |
| 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 5.80 ലക്ഷം രൂപ |
| 04-1 യാത്ര ചെലവുകൾ-യാത്രാബത്ത | 3.50 ലക്ഷം രൂപ |
| 04-2 സ്ഥലംമാറ്റ ബത്ത | 8.39 ലക്ഷം രൂപ |
| 04-4 അവധി യാത്രാനുകൂല്യം | 29.40 ലക്ഷം രൂപ |
| 05-1 വെള്ളക്കരം | 90,000 രൂപ |
| 05-2 വൈദ്യുതി ചെലവ് | 2.47 ലക്ഷം രൂപ |
| 05-3 ടെലഫോൺ ചെലവ് | 5.07 ലക്ഷം രൂപ |
| 05-4 മറ്റിനങ്ങൾ | 18.39 ലക്ഷം രൂപ |

| 1 | 2 |
|---|---|
| 06-വാടക, കരം, നികുതി | 24 ലക്ഷം രൂപ |
| 21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും | 7.30 ലക്ഷം രൂപ |
| 45 – പി.ഒ.എൽ. | 2.87 ലക്ഷം രൂപ |
| 99 – വിവരസാങ്കേതിക വിദ്യ | 6.50 ലക്ഷം രൂപ |
| 97 - വാഹനങ്ങളുടെ വാടക | 66.49 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 35)

സ്വീകരിച്ച നടപടി

04-2—യാത്രാബത്ത ഇനത്തിൽ ഭരണവകുപ്പ് മുഖാന്തരം സമിതിയോട് കെൽസ ആവശ്യപ്പെട്ട തുക 9.75 ലക്ഷം രൂപയാണ്. എന്നാൽ സമിതി ശിപാർശ ചെയ്തത് 8.39 ലക്ഷം രൂപയാണ്. ധനകാര്യവകുപ്പ് അനുവദിച്ചത് 9.75 ലക്ഷം രൂപ.

06—വാടക, കരം, നികുതി ഇനത്തിൽ 20.38 ലക്ഷം രൂപ അനുവദിച്ചു.

97—വാഹനങ്ങളുടെ വാടക ഇനത്തിൽ 52.41 ലക്ഷം രൂപ അനുവദിച്ചു.

ശിപാർശ

2014-00-114-92—സ്ഥിര ലോക് അദാലത്ത്

പെർമനന്റ് ലോക്അദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 5 ലക്ഷം രൂപ |
| 04-1 യാത്രാബത്ത | 30,000 രൂപ |
| 04-2 സ്ഥലംമാറ്റ ബത്ത | 14,000 രൂപ |
| 05-2 വൈദ്യുതി ചെലവ് | 10,000 രൂപ |
| 05-3 ടെലഫോൺ ചെലവ് | 50,000 രൂപ |
| 05-4 മറ്റിനങ്ങൾ | 1.80 ലക്ഷം രൂപ |
| 06 - വാടക, കരം, നികുതി | 2.60 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 36)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2014-00-114-90 —പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം

34-3 —മറ്റു ചെലവുകൾ - മറ്റിനം

പ്രോസിക്യൂഷൻ ഡയറക്ടേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

സ്വീകരിച്ച നടപടി

2014-00-114-90 - പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ടി തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2014-00-116-99—കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കും മറ്റ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

| ശീർഷകം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.50 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 1.60 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 38)

സ്വീകരിച്ച നടപടി

2014-00-116-99-21-2—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികൾക്കും ഇനത്തിൽ ബജറ്റ് വിഹിതമായ 4.50 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. ഈ തുക പര്യാപ്തമായതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

2014-00-116-99-05-4 —മറ്റിനങ്ങൾ ഇനത്തിൽ ബജറ്റ് വിഹിതമായ 8.40 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ അധിക തുക അനുമതിയായി ലഭിച്ച 2,42,583 രൂപ ടി സാമ്പത്തിക വർഷത്തിൽ ചെലവാക്കിയിട്ടുണ്ട്. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2014-00-117-99 —കുടുംബകോടതികൾ

05-4—മറ്റിനങ്ങൾ

കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ, അഡീഷണൽ കൗൺസിലർമാരുടെ വേതന കുടിശ്ശിക, പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന 7 കുടുംബകോടതികൾക്കുള്ള ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

സ്വീകരിച്ച നടപടി

05-4-മറ്റിനങ്ങൾ ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 15-7-2023-ലെ HCKL/2392/2023-FW6 നമ്പർ കത്ത് പ്രകാരം 32,00,000 രൂപ അധികമായി ചെലവാക്കാനുള്ള അനുമതി തേടിയെങ്കിലും 19-9-2023-ലെ G.O.(Rt)No.6659/2023/Fin. പ്രകാരം 20,00,000 രൂപയ്ക്കുള്ള അനുമതി മാത്രമാണ് ലഭിച്ചത്. ശീർഷകത്തിലെ ഫണ്ടുകളുടെ അഭാവം മൂലം ഹൈക്കോടതിയുടെ ആവശ്യപ്രകാരം വീണ്ടും 10-1-2024-ലെ G.O.(Rt)No.318/2024/Fin. പ്രകാരം 7,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതിയും സർക്കാർ നൽകുകയുണ്ടായി. അധികമായി അനുമതി ലഭിച്ച ടി തുക 2024-ലെ ഉപധനാഭ്യർഥന പ്രകാരം ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ഇതിന് പുറമെ 5,00,000 രൂപ അധികം ചെലവഴിക്കാനുള്ള അനുമതിക്കുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2014-00-117-99—കുടുംബകോടതികൾ

21-1—വാഹനങ്ങൾ വാങ്ങൽ

ആലപ്പുഴ, തൊടുപുഴ, തിരൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ കുടുംബകോടതികളിലെ ജഡ്ജിമാരുടെ ഉപയോഗത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

സ്വീകരിച്ച നടപടി

ആലപ്പുഴ, തൊടുപുഴ, തിരൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ കുടുംബകോടതികളിലെ ജഡ്ജിമാരുടെ ഉപയോഗത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി 4-1-2024-ലെ G.O.(Rt)No.49/2024/HOME

പ്രകാരം ലഭിക്കുകയുണ്ടായി. ഇതിനായി ഈ ശീർഷകത്തിന് കീഴിൽ 48,00,000 രൂപ അനുവദിക്കാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2014-00-800-94—നിയമസഹായനിധി അംശദാനം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിയമസഹായനിധിയ്ക്ക് 2010-11 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയായി ലഭിയ്ക്കുവാനുള്ള തുകയും നിയമസഹായനിധിയുടെ STSB അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള രൂപയും ചേർന്നു വരുന്ന 77.02 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 41)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിനോട് തുക ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ കുടിശ്ശിക ഇനത്തിൽ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക, കരം, നികുതി

കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിനും, ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നിർണ്ണയിക്കാനുള്ള അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാലും നടപ്പ് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 42)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 40,00,000 രൂപ അധികമായി അനുവദിക്കാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998 സഹായധനം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക ലീവ് സറണ്ടർ ചെലവുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ശമ്പളയിനത്തിൽ 4.83345 കോടി രൂപയും ശമ്പളേതരയിനത്തിൽ 71.605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.5495 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 43)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ച് ഉത്തരവായിട്ടില്ല.

ശിപാർശ

2014-00-800-89—പതിനൊന്നാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

01-4 —മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ സംസ്ഥാനത്തെ 38 കോടതികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

സ്വീകരിച്ച നടപടി

മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 31-10-2023-ലെ

G.O (Rt) No.7602/2023/Fin. പ്രകാരം 12,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകുകയുണ്ടായി. ടി തുക ധനപുനഃവിനിയോഗം വഴി ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

അഡീഷണൽ ജില്ലാ സെഷൻസ് കോടതി, NDPS കോടതികൾ എന്നിവിടങ്ങളിൽ പേപ്പർലെസ് കോടതി പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 35.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

സ്വീകരിച്ച നടപടി

ജില്ലാ ജുഡീഷ്യറിയിലേക്കു വേണ്ടുന്ന കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 17-10-2023-ലെ HCKL/2392/2023-FW6 നമ്പർ കത്ത് പ്രകാരം 36,00,000 രൂപ അധികം അനുവദിക്കുന്നതിനുള്ള അപേക്ഷ ഹൈക്കോടതി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ഇതിന് മറുപടിയായി നിലവിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ചെലവഴിക്കാനുള്ള അപേക്ഷയോ ധനപുനഃവിനിയോഗം വഴി തുക കണ്ടെത്താനുള്ള അപേക്ഷയോ സമർപ്പിക്കാൻ 4-11-2023-ലെ S3/159/2023-HOME നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കാനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

ശിപാർശ

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

കീഴ്കോടതികളിൽ ഇ-കോടതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്ന 90 സിസ്റ്റം അസിസ്റ്റന്റ്സിനുള്ള വേതനം നൽകുന്നതിനും കോടതി സമുച്ചയങ്ങളിൽ WAN കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.2771 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

## സ്വീകരിച്ച നടപടി

കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഹൈക്കോടതിയും സംയുക്തമായി ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കോടതി സമുച്ചയങ്ങളിലെ WAN കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട ആവർത്തന ചെലവ് കമ്മീഷൻ ചെയ്ത് 2 വർഷം കഴിഞ്ഞാൽ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാകുന്നു. അതുപ്രകാരം 166 കോടതി സമുച്ചയങ്ങളിൽ WAN കണക്റ്റിവിറ്റി നൽകിയതുമായി ബന്ധപ്പെട്ട തുക BSNL-ന് നൽകുവാനും 90 സിസ്റ്റം അസിസ്റ്റന്റ്സിനുള്ള വേതനം നൽകുന്നതിനും ഇ-കോടതി പദ്ധതിയുടെ മൂന്നാം ഘട്ടം നടപ്പിലാക്കുന്നതിനുള്ള CPC (സെൻട്രൽ പ്രോജക്ട് കോ-ഓർഡിനേറ്റർ)-ക്ക് സാങ്കേതിക സഹായം നൽകുന്ന കരാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ഇ-സേവാ കേന്ദ്രങ്ങളിൽ നിയമിക്കപ്പെട്ട 2 പാരാ ലീഗൽ വോളന്റിയർമാർക്ക് പ്രതിഫലം നൽകുന്നതിനുമായി 7,20,13,000 രൂപ ഈ ശീർഷകത്തിൽ അധികമായി ആവശ്യമുണ്ട്. ടി തുക അനുവദിക്കാനുള്ള അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ശിപാർശ

2014-00-800-80—കേരള നിയമപരിഷ്കരണ കമ്മീഷൻ

കേരള നിയമപരിഷ്കരണ കമ്മീഷനിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക, വാഹനങ്ങളുടെ വാടക എന്നിവ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01 - ശമ്പളം | 4 ലക്ഷം രൂപ |
| 02-4 – കൺസോളിഡേറ്റഡ് പേ | 9 ലക്ഷം രൂപ |
| 02-5 - ദിവസവേതനം | 2.50 ലക്ഷം രൂപ |
| 97 – വാഹനങ്ങളുടെ വാടക | 1.50 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 47)

സ്വീകരിച്ച നടപടി

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ ക്രമനമ്പർ/ഖണ്ഡിക 47-ൽ പരാമർശിച്ച 2014-00-800-80-01 - ശമ്പളം എന്ന ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ 4 ലക്ഷം രൂപയും 2014-00-800-80-02-04-കൺസോളിഡേറ്റഡ് പേ എന്ന ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ 9 ലക്ഷം രൂപയും 2014-00-800-80-02-05 – ദിവസവേതനം എന്ന ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ 2.50 ലക്ഷം രൂപയും, 2014-00-800-80-97 – വാഹനങ്ങളുടെ വാടക എന്ന ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ 1.50 ലക്ഷം രൂപയും അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് 8-5-2023-ലെ SP-CEL-61/2023-Law നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന അധിക തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിച്ച് ധനവകുപ്പിൽ നിന്ന് ഉത്തരവായിട്ടില്ല.

ശിപാർശ

2014-00-800-79—കീഴ്കോടതികളുടെ നവീകരണം

ഇ-കോർട്ട് പദ്ധതിയുടെ ഭാഗമായി കീഴ്ക്കോടതിയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ജീവനക്കാർക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 48)

സ്വീകരിച്ച നടപടി

കേന്ദ്ര ക്യാബിനറ്റ് ഇ-കോടതി പദ്ധതിയുടെ മൂന്നാം ഘട്ടം ഒരു സെൻട്രൽ സെക്ടർ പദ്ധതി ആയി അംഗീകരിക്കുകയും ആയതിന്റെ നടത്തിപ്പിലേക്കായി 4 വർഷത്തേക്ക് 7210 കോടി രൂപ നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇ-കോടതി പദ്ധതിയുടെ ഭാഗമായി കീഴ്ക്കോടതികൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഫണ്ട് മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുമെന്നതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും - വൻകിട മരാമത്ത് പണികൾ (പദ്ധതി)**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനുമായി 2023-24 സാമ്പത്തിക വർഷം 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഡിമാന്റിലെ 4059-01-051-55-എന്ന ശീർഷകത്തിൽ 4.3150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

<u>സ്വീകരിച്ച നടപടി</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനുമായി സമർപ്പിച്ച പ്രൊപ്പോസൽ പരിഷ്കരിച്ച് പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വകയിരുത്തിയ അധിക തുക ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

2015-00-101-99—<u>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

ഈ ശീർഷകത്തിൻ കീഴിൽ അവധിയാത്രാനുകൂല്യം, വൈദ്യുതി ചെലവ്, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 04-4- അവധിയാത്രാനുകൂല്യം | 2 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചെലവ് | 2 ലക്ഷം രൂപ |
| 05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 3 ലക്ഷം രൂപ |
| 21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണിയും | 2 ലക്ഷം രൂപ |
| 34-3- മറ്റു ചെലവുകൾ - മറ്റിനം | 1 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | 5 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 50)

സ്വീകരിച്ച നടപടി

| | സ്വീകരിച്ച നടപടി |
|---|---|
| 04-4-അവധിയാത്രാനുകൂല്യം | നിലവിൽ അധിക തുക വകയിരുത്തിയിട്ടില്ല |
| 05-2-വൈദ്യുതി ചെലവ് | 2112-2023-ലെ സ.ഉ.(സാധാ) നമ്പർ 9023/2023 ധന ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 4,64,750 രൂപ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് 10-1-2024-ൽ സമർപ്പിച്ചിട്ടുണ്ട്. |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണിയും | 25-11-2023 ലെ സ.ഉ.(സാധാ) നമ്പർ 8278/2023 ധന ഉത്തരവ് പ്രകാരം 1 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട് |
| 34-3-മറ്റു ചെലവുകൾ - മറ്റിനം | നിലവിൽ അധിക തുക വകയിരുത്തിയിട്ടില്ല |
| 45-പി.ഒ.എൽ. | 25-11-2023 ലെ സ.ഉ.(സാധാ) നമ്പർ 8278/2023 ധന ഉത്തരവ് പ്രകാരം 2.5 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട് |

ശിപാർശ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിക്കലും - നിയമസഭയും പാർലമെന്റും

സി-ഡിറ്റിന് നൽകേണ്ട പ്രതിഫലം, ബൂത്ത് ലെവൽ ഓഫീസർമാരുടെ വാർഷിക പ്രതിഫലം, ജില്ലാ ഇലക്ഷൻ വിഭാഗങ്ങൾക്കുള്ള ഫണ്ട് തുടങ്ങിയ ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

സ്വീകരിച്ച നടപടി

2015-00-103-99 എന്ന ശീർഷകത്തിൽ 30,18,50,000 (മുപ്പത് കോടി പതിനെട്ട് ലക്ഷത്തി അൻപതിനായിരം രൂപ) 7-7-2023-ലെ സ.ഉ.(സാധാ) നമ്പർ 5173/2023/ധന, 15-9-2023-ലെ സ.ഉ.(സാധാ) നമ്പർ 6569/2023/ധന എന്നിവ പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2015-00-105-99—പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ചെലവ് - ലോക് സഭ

2024-ൽ നടത്തേണ്ട ലോകസഭ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

സ്വീകരിച്ച നടപടി

2015-00-105-99 എന്ന ശീർഷകത്തിൽ 6,90,00,000 (ആറ് കോടി തൊണ്ണൂറ് ലക്ഷം രൂപ) 7-7-2023-ലെ സ.ഉ.(സാധാ) നമ്പർ 5173/2023/ധന, 15-9-2023-ലെ സ.ഉ.(സാധാ) നമ്പർ 6569/2023/ധന എന്നിവ പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നൽകൽ

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള വോട്ടർ ഐഡന്റിറ്റി കാർഡുകളുടെ പ്രിന്റിംഗിനും വിതരണത്തിനുമുള്ള ചെലവുകൾ നിർവ്വഹിക്കാനുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

സ്വീകരിച്ച നടപടി

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരമുള്ളതും അതീവ സുരക്ഷാ ക്രമീകരണങ്ങൾ ഉള്ളതുമായ പുതിയ തിരിച്ചറിയൽ കാർഡിനായി നിരവധി വോട്ടർമാർ

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ സമിതി ശിപാർശ ചെയ്ത തുകയും അപര്യാപ്തമായതിനാൽ അധികമായി തുക ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 7,00,63,000 (ഏഴ് കോടി അറുപത്തിമൂവായിരം രൂപ) 7-7-2023-ലെ സ.ഉ.(സാധാ) നമ്പർ 5173/2023/ധന, 15-9-2023-ലെ സ.ഉ.(സാധാ) നമ്പർ 6569/2023/ധന എന്നിവ പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2015-00-109-99—പഞ്ചായത്തുകളിലേയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2022-ലെ മട്ടന്നൂർ നഗരസഭ പൊതുതെരഞ്ഞെടുപ്പ്, നവംബറിലെ ഉപതെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും വോട്ടർ പട്ടിക പരിഷ്കരണം, തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 54)

സ്വീകരിച്ച നടപടി

17-2-2024-ലെ സ.ഉ. (സാധാ) നമ്പർ 1456/2024 ധന ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2055-00-001-99—ഭരണവും നടത്തിപ്പും മേൽനോട്ടം

പോലീസ് വകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ച തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 05-2-വൈദ്യുതി ചെലവ് | 1.8509 കോടി രൂപ |
| 05-3-ടെലിഫോൺ ചെലവ് | 12.1403 കോടി രൂപ |
| 05-4-മറ്റിനങ്ങൾ | 89.50 ലക്ഷം രൂപ |

| | |
|---|---|
| 06-വാടക, കരം, നികുതി | 92.75 ലക്ഷം രൂപ |
| 15-രഹസ്യസേവന ചെലവുകൾ | 90 ലക്ഷം രൂപ |
| 17-ചെറുകിട മരാമത്ത് പണികൾ | 99.99 ലക്ഷം രൂപ |
| 18-സംരക്ഷണം | 1.0050 കോടി രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 29.42 ലക്ഷം രൂപ |
| 34-3-മറ്റുചെലവുകൾ-മറ്റിനം | 94.61 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 8.9566 കോടി രൂപ |

(ഖണ്ഡിക നമ്പർ 55)

സ്വീകരിച്ച നടപടി

18-സംരക്ഷണം എന്ന ശീർഷകത്തിൽ തുക അനുവദിക്കുന്നതിനായി 9-8-2023-ൽ സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും 9-11-2023-ലെ ഇ 2/319/2023/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന ഭരണാനുമതി ഉത്തരവുകൾ ലഭ്യമാക്കാത്തതിനാൽ തുക അനുവദിച്ചില്ല.

വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, RRT എന്നീ ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിൽ തുക ബാക്കിയുണ്ട്.

അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബാക്കി ശീർഷകങ്ങളിൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ

2055-00-003-98—കേരള പോലീസ് അക്കാഡമി

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് അക്കാഡമിയിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, എ.ഐ.എസ്. അലവൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ

വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 56)

<u>സ്വീകരിച്ച നടപടി</u>

അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-003-98 —<u>കേരള പോലീസ് അക്കാഡമി</u>

34-3 —<u>മറ്റ് ചെലവുകൾ - മറ്റിനം</u>

പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.3611 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 57)

<u>സ്വീകരിച്ച നടപടി</u>

അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ തുക പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 58)

<u>സ്വീകരിച്ച നടപടി</u>

അലോക്കേഷൻ പരിധി ഉയർത്താതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

18—<u>സംരക്ഷണം</u>

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 59)

<u>സ്വീകരിച്ച നടപടി</u>

അലോക്കേഷൻ പരിധി ഉയർത്താതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-104-99—<u>സായുധ പോലീസ്</u>

05-1—<u>വെള്ളക്കരം</u>

സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനും എസ്.എ.പി., എം.എസ്.പി., വനിതാ ബറ്റാലിയൻ തുടങ്ങിയവയുടെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1.46 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 60)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിലെ തുക പൂർണ്ണമായി ഉപയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2055-00-104-99—സായുധ പോലീസ്

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളുടെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.9384 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 61)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിലെ തുക പൂർണ്ണമായി ഉപയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2055-00-104-99—സായുധ പോലീസ്

18—സംരക്ഷണം

ബറ്റാലിയനുകളിലെ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 56.9525 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 62)

സ്വീകരിച്ച നടപടി

അലോക്കേഷൻ പരിധി ഉയർത്താതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

ശിപാർശ

2055-00-104-99—സായുധ പോലീസ്

34-3—മറ്റ് ചെലവുകൾ - മറ്റിനം

റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, മെഡലുകൾ, റിവാർഡുകൾ, സേനയിലെ കായികതാരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.2470 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 63)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിലെ തുക പൂർണ്ണമായി ഉപയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2055-00-104-98—ഇന്ത്യൻ റിസർവ് ബറ്റാലിയൻ

ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പ്രവർത്തനചെലവുകൾക്കായി 2023-24 സാമ്പത്തിക വർഷം വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 04-1 - യാത്രാബത്ത | 1.9450 കോടി രൂപ |
| 05-4 - ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ | 11.84 ലക്ഷം രൂപ |
| 45 - പി.ഒ.എൽ. | 67.14 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 64)

സ്വീകരിച്ച നടപടി

13-6-2023-ലെ ബി2-58068/2023/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 04-1 യാത്രാബത്ത എന്ന ശീർഷകത്തിൽ പരിധി ഉയർത്തുവാനും, അധിക തുക അനുവദിക്കുന്നതിനുമുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

ബാക്കി ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

ശിപാർശ

2055-00-108-99—വിക്റ്റിം കോമ്പൻസേഷൻ ഫണ്ട്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാര തുക നൽകുന്നതിനായി വകയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.0097 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 65)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ പോലീസ് വകുപ്പിന് തുക അനുവദിച്ചില്ല. KELSA -ക്കാണ് ഈ ശീർഷകത്തിലെ തുക അനുവദിച്ചിരിക്കുന്നത്.

ശിപാർശ

2055-00-109-99—ജില്ലാ സേന

ജില്ലാ സേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 05-4-ഓഫീസ് ചെലവ്-മറ്റിനങ്ങൾ | 7.6127 കോടി രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 12.4453 കോടി രൂപ |
| 34-3-മറ്റു ചെലവുകൾ-മറ്റിനം | 6.9736 കോടി രൂപ |
| 45-പി.ഒ.എൽ. | 39.9928 കോടി രൂപ |

(ഖണ്ഡിക നമ്പർ 66)

<u>സ്വീകരിച്ച നടപടി</u>

45 - പി.ഒ.എൽ. എന്ന ശീർഷകത്തിൽ അധിക തുകയ്ക്കുവേണ്ടി 5-9-2023-ലെ ബി3-57982/2023/പി.എച്ച്.ക്യൂ. നമ്പർ പ്രൊപ്പോസലിന്മേൽ സ.ഉ (സാധാ) നമ്പർ 9176/2023/ധന തീയതി, 29-12-2023 പ്രകാരം 10 കോടി രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

മറ്റ് ശീർഷകങ്ങളിൽ, ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04-1—<u>യാത്രാബത്ത</u>

റെയിൽവേ പോലീസിന്റെ ടി.എ. ബിൽ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 4.6017 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 67)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04-1—<u>യാത്രാബത്ത</u>

തീരദേശ പോലീസ് സ്റ്റേഷനുകളിലെ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 63.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 68)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

45—<u>പി.ഒ.എൽ.</u>

വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത്, തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവിലേയ്ക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.0362 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 69)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-113-98—<u>സ്പോർട്സ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കിറ്റ്, റിവാർഡുകൾ, സ്പോർട്സ് താരങ്ങൾക്കുള്ള ധനസഹായം നൽകൽ, അത്‌ലറ്റിക്ക് മീറ്റ്, ദേശീയ പോലീസ് ഡ്യൂട്ടി മീറ്റ്, അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പ് മത്സരം, മറ്റ് ദേശീയ കായിക മത്സരങ്ങളുടെ നടത്തിപ്പുമായും ബന്ധപ്പെട്ട ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 70)

<u>സ്വീകരിച്ച നടപടി</u>

അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് വിഹിതത്തിലെ പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

<u>ശിപാർശ</u>

2055-00-114-99—<u>വയർലെസ് യൂണിറ്റ്</u>

04-1—<u>യാത്രാബത്ത</u>

05-3—<u>ഓഫീസ് ചെലവ്-ടെലിഫോൺ ചെലവ്</u>

യൂണിറ്റിലെ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും ടെലിഫോൺ ചാർജ്ജ് ഇനത്തിലും കൂടുതൽ തുക വേണ്ടിവരുന്നതിനാൽ 04-1 യാത്രാബത്ത ഇനത്തിൽ 1.7530 കോടി രൂപയും 05-3-ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 6.67 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 71)

<u>സ്വീകരിച്ച നടപടി</u>

2055-00-114-99-04-1 എന്ന ശീർഷകത്തിൽ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

2055-00-114-99-05-3 എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിലെ തുക പൂർണ്ണമായി ഉപയോഗിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ</u>

2055-00-117-96—<u>കേരള ആന്റി ടെറർ സ്ക്വാഡ്</u>

45—<u>പി.ഒ.എൽ.</u>

കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവ് വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിൻ പുറമെ 41.93 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 72)

<u>സ്വീകരിച്ച നടപടി</u>

22-6-2023-ലെ ബി2-58156/2023/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം 30 ലക്ഷം രൂപ സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടതിൽ, 23-9-2023-ലെ സ.ഉ.(സാധാ) നമ്പർ 6724/2023/ധന ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിരുന്നു. 11-10-2023-ൽ സംസ്ഥാന പോലീസ് മേധാവി വീണ്ടും 30 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ, ഇന്ധന സീലിങ്ങ് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് അധികധനാനുമതി അനുവദിക്കുന്നതാണെന്ന് ഇ 2/235/2023/ആഭ്യന്തരം കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

<u>സ്പെക്ട്രം ചാർജ്ജസ്</u>

സ്പെക്ട്രം ചാർജ്ജ് ഇനത്തിലെ തുക കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനായി ഇതു സംബന്ധിച്ച ശീർഷകം പുന:സ്ഥാപിച്ച് ആയതിൽ 1.7890 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 73)

<u>സ്വീകരിച്ച നടപടി</u>

31-3-2024 വരെയുള്ള സ്പെക്ട്രം ചാർജ്ജ് കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. ആയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2062-00-103-99—<u>കേരള ലോകായുക്ത, 1998</u>

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം എന്നിവയ്ക്ക് അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും 04-4-അവധി യാത്രാനുകൂല്യം എന്ന കണക്കിനത്തിൽ 3.7 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വകുപ്പിലെ പഴക്കം ചെന്ന വാഹനം മാറ്റിവാങ്ങുന്ന ആവശ്യത്തിലേയ്ക്ക് 21-1-മോട്ടോർ വാഹനങ്ങൾ-വാങ്ങൽ എന്ന കണക്കിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 74)

<u>സ്വീകരിച്ച നടപടി</u>

18-10-2023-ലെ സ.ഉ.(സാധാ) നമ്പർ 7349/2023/ധന, 22-12-2023-ലെ സ.ഉ.(സാധാ) നമ്പർ 9050/2023/ധന. എന്നിവ പ്രകാരം 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ആകെ 8,25,000 രൂപയും, 31-10-2023-ലെ സ.ഉ.(സാധാ) നമ്പർ 7614/2023/ധന പ്രകാരം 21-1 മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്ന ഇനത്തിൽ 15 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

'04-4 അവധിയാത്രാനുകൂല്യം' എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അധിക തുക അനുവദിക്കേണ്ട ആവശ്യം വന്നില്ല.

<u>ശിപാർശ</u>

2062-00-104-99—<u>വിജിലൻസ്</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വകുപ്പിന് വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 75)

<u>സ്വീകരിച്ച നടപടി</u>

13-10-2023-ലെ സ.ഉ.(സാധാ) നം. 7263/2023/ധന ഉത്തരവ്, 8-12-2023 ലെ സ.ഉ. (സാധാ) നം. 8662/ധന ഉത്തരവ്, 9-1-2024-ലെ സ.ഉ.(സാധാ) നമ്പർ 253/2024/ധന ഉത്തരവ് എന്നിവ പ്രകാരം വെള്ളക്കരം ഇനത്തിൽ യഥാക്രമം 2 ലക്ഷം രൂപ, 1.5 ലക്ഷം രൂപ, 3 ലക്ഷം രൂപ എന്നിങ്ങനെ ആകെ 6.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2062-00-104-99—<u>വിജിലൻസ്</u>

05-4—<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക ഒടുക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി അനുവദിച്ച നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 76)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതത്തിൽ അധികരിച്ച് ചെലവ് വരാത്തതിനാൽ അധികതുക അനുവദിക്കേണ്ട ആവശ്യം വന്നില്ല.

<u>ശിപാർശ</u>

2062-00-104-99 —<u>വിജിലൻസ്</u>

15—<u>രഹസ്യസേവന ചെലവുകൾ</u>

വിവിധ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്ന ചെലവുകൾക്കാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഇതിലേയ്ക്കായി നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 77)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം 2023-24 വർഷത്തെ ചെലവുകൾക്ക് പര്യാപ്തമായിരുന്നു. അതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

<u>ശിപാർശ</u>

2062-00-104-99—<u>വിജിലൻസ്</u>

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വകുപ്പിന് മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ നിലവിലെ വിഹിതത്തിനുപുറമേ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 78)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലാണ് അധിക തുക ആവശ്യമായി വന്നത്. അതിനാൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ശിപാർശ

2062-00-104-99—വിജിലൻസ്

17—ചെറുകിട മരാമത്ത് പണികൾ

വിജിലൻസിന് കീഴിലുള്ള എല്ലാ ഓഫീസുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നത് ഈ ശീർഷകത്തിലെ തുക വിനിയോഗിച്ചാണ്. 2023-24-ലെ ബജറ്റ് വിഹിതം തീരെ കുറവായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 79)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

ശിപാർശ

2062-00-104-99—വിജിലൻസ്

45—പി.ഒ.എൽ.

വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത് നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 80)

സ്വീകരിച്ച നടപടി

സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലാണ് അധിക തുക ആവശ്യമായി വന്നത്. അതിനാൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ശിപാർശ

2062-00-105-99—വിജിലൻസ് ട്രൈബ്യൂണൽ തിരുവനന്തപുരം

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 81)

സ്വീകരിച്ച നടപടി

21-3-2024-ലെ സ.ഉ.(സാധാ) നം. 2751/2024/ധന പ്രകാരം 04-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 9,41,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-105-98—അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്

വകുപ്പിന് പുതിയ വാഹനം വാങ്ങുന്ന ആവശ്യത്തിലേക്ക് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 82)

സ്വീകരിച്ച നടപടി

28-4-2023-ലെ സ.ഉ.(സാധാ) നമ്പർ 3290/2023/ധന പ്രകാരം 2062-00-105-98 എന്ന ശീർഷകത്തിൽ 9,40,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-105-97—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ക്ഷാമബത്ത കുടിശിക നൽകുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ലീവ് സറണ്ടർ എന്നിവ നൽകുന്നതിന്റെ ചെലവിനും, സാക്ഷികളുടെ ബത്ത, ഫർണിച്ചർ, സി.സി.ടി.വി. സ്ഥാപിക്കൽ, പഞ്ചിങ്ങ് മെഷീൻ, പി.ഒ.എൽ., ഐ.റ്റി. എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 83)

സ്വീകരിച്ച നടപടി

സി.സി.ടി.വി. സ്ഥാപിക്കൽ 2024-25 സാമ്പത്തിക വർഷത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചിരുന്നു. അംഗീകരിക്കപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ വിവരം യഥാസമയം നൽകാത്തതിനാലും അധിക ചെലവിന് ഉപോൽബലകമായ രേഖകൾ സമർപ്പിക്കാത്തതിനാലും 2023-24 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

<u>ശിപാർശ</u>

2062-00-105-96 —<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം</u>

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ സ്ഥലംമാറ്റബത്ത ചെലവുകൾക്കായി 58,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. കമ്മീഷണറുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും അനുവദിക്കുന്നതിന് ഇത് പര്യാപ്തമല്ല. ആയതിനാൽ സ്ഥലംമാറ്റ ബത്തയിനത്തിൽ 15,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 84)

<u>സ്വീകരിച്ച നടപടി</u>

25-3-2024 ലെ സ.ഉ.(സാധാ) നം. 3032/2024/ധന പ്രകാരം 02-സ്ഥലംമാറ്റബത്ത ഇനത്തിൽ 94,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2062-00-105-94 —<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോട്ടയം-യുടെ വീട്ടുവാടകയിനത്തിൽ പ്രതിമാസം 20,000 രൂപ നിരക്കിൽ ഒരു വർഷം 2,40,000 രൂപ വേണ്ടിവരും. ഇതിലേക്കായി 1 ലക്ഷം രൂപയാണ് വകയിരുത്തിയത്. കൂടാതെ 05-4-ഓഫീസ് ചെലവുകൾ – മറ്റിനങ്ങൾ എന്നതിൽ 1.22 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതും തീരെ കുറവാണ്. ആയതിനാൽ, 06-വാടക, കരം, നികുതി ഇനത്തിൽ 1.40 ലക്ഷം രൂപയും 05-4 ഓഫീസ് ചെലവുകൾ – മറ്റിനങ്ങൾ എന്ന ഇനത്തിൽ 1.60 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 85)

<u>സ്വീകരിച്ച നടപടി</u>

8-12-2023-ലെ സ.ഉ.(സാധാ) നമ്പർ 8658/2023/ധന, 5-3-2024-ലെ സ.ഉ.(സാധാ) നമ്പർ 2111/2024/ധന എന്നിവ പ്രകാരം 06-വാടക, കരം, നികുതി ഇനത്തിൽ യഥാക്രമം 1,00,000 രൂപ, 40,000 രൂപ വീതം ആകെ 1,40,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-105-90 —എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

ഈ ശീർഷകത്തിൻ കീഴിൽ യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് ഓഫീസ് ചെലവുകൾ, എന്നിവയിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 50,000 രൂപയും 04-1 യാത്രാബത്ത ഇനത്തിൽ 50,000 രൂപയും, 04-4 അവധിയാത്രാനുകൂല്യം ഇനത്തിൽ 1.15 ലക്ഷം രൂപയും 05-4 മറ്റിനങ്ങൾ ഇനത്തിൽ 3 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 5.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 86)

സ്വീകരിച്ച നടപടി

14-11-2023-ലെ സ.ഉ.(സാധാ) നമ്പർ 7903/2023/ധന, 2-12-2023-ലെ സ.ഉ.(സാധാ) നമ്പർ 8509/2023/ധന എന്നിവ പ്രകാരം 05-4 മറ്റിനങ്ങൾ ഇനത്തിൽ ആകെ 1,95,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

20-6-2023-ലെ സ.ഉ.(സാധാ) നമ്പർ 4710/2023/ധന, 27-11-2023-ലെ സ.ഉ.(സാധാ) നമ്പർ 8319/2023/ധന എന്നിവ പ്രകാരം യാത്രാബത്ത ഇനത്തിൽ യഥാക്രമം 1,25,000 രൂപ, 77,000 രൂപ എന്നിങ്ങനെ ആകെ 2,02,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2056-00-001-98 —ജയിലുകളുടെ നവീകരണം

05-3 —ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി നൽകുന്നതിനായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 74 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 87)

<u>സ്വീകരിച്ച നടപടി</u>

14-6-2023-ലെ സ.ഉ.(സാധാ) നമ്പർ 1573/2023/HOME നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2022-23 വർഷത്തെ ജനുവരി-മാർച്ച് വരെയുള്ള അവസാന ക്വാർട്ടർലി കാലയളവിലെ വീഡിയോ കോൺഫറൻസിംഗ് കണക്ടിവിറ്റിയ്ക്കായുള്ള Annual recurring charge ഇനത്തിൽ 25,41,524 രൂപ 2056-00-001-98-05-ഓഫീസ് ചെലവുകൾ 3 ടെലിഫോൺ ചാർജ്ജ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 30 ലക്ഷം രൂപയിൽ നിന്നും ടി തുക BSNL-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് വീഡിയോ കോൺഫറൻസിംഗ് കണക്ടിവിറ്റി Annual Recurring Charge ഇനത്തിൽ 2023-24 വർഷത്തെ 1-4-2023 മുതൽ 30-6-2023 വരെയും 1-7-2023 മുതൽ 30-9-2023 വരെയുള്ള ക്വാർട്ടർലി കാലയളവുകളിലേക്കായി 52 ലക്ഷം രൂപ 29-1-2024 തീയതിയിലെ G.O.(Rt) No. 793/2024/FIN ഉത്തരവ് പ്രകാരം അധികമായി അനുവദിക്കുകയും 51,33,176 രൂപ ബി.എസ്.എൻ.എൽ-നു കൈമാറുകയും ചെയ്തു. തുടർന്ന് 2023-24-ലെ ഒക്ടോബർ-ഡിസംബർ വരെയുള്ള കാലയളവിലേക്കായി കണക്ടിവിറ്റി Annual Recurring Charge ഇനത്തിൽ BSNL-ന് അനുവദിക്കേണ്ട തുകയിൽ 25,45,753 രൂപ ടി ശീർഷകത്തിൽ നിലവിലുണ്ടായിരുന്ന തുകക്കു പുറമെ അധികം വേണ്ടിയിരുന്ന 20,21,000 രൂപ അധിക തുകയായി അനുവദിച്ച് 25-3-2024 -ലെ G.O.(Rt) No. 3016/2024/FIN ഉത്തരവായെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുന്ന അവസരത്തിൽ ട്രഷറി നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ ടി തുക ചെലവഴിക്കാൻ സാധിച്ചില്ല.

<u>ശിപാർശ</u>

2056-00-001-98—<u>ജയിലുകളുടെ നവീകരണം</u>

17—<u>ചെറുകിടമരാമത്ത് പണികൾ</u>

വിവിധ ജയിലുകളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രെയിനേജ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾക്കുള്ള ചെലവിലേക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 88)

<u>സ്വീകരിച്ച നടപടി</u>

അവസാന ബാച്ച് എസ്.ഡി.ജി.-യിൽ ടി ശീർഷകത്തിൽ 24 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

കൂടാതെ ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫ്ലോർ പാസേജ് ഗ്രിൽ സ്ഥാപിക്കുന്നതിനും, ടെറസിലേക്കുള്ള സ്റ്റെയർ കെയ്സിൽ ഗ്രില്ലിന്റെ വാതിൽ സ്ഥാപിക്കുന്നതിനുമായി ടി ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2056-00-001-89—സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

ടെട്രാ കമ്മ്യൂണിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചെലവിന് അനുവദിച്ച നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.2947250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 89)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ അവസാന ബാച്ച് എസ്.ഡി.ജി.-യിൽ 1,29,48,000 രൂപ അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും, ടി തുക അനുവദിക്കുകമുണ്ടായി. 20-3-2024-ലെ സ.ഉ.(കൈ) നമ്പർ 86/2024/ഹോം നമ്പർ ഉത്തരവ് പ്രകാരം ടി തുക C-DAC-നു കൈമാറുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ C-DAC സമർപ്പിച്ച ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണങ്ങൾ കാരണം തുക C-DAC-ന് മാറി നൽകുന്നതിന് കഴിഞ്ഞിരുന്നില്ല.

ശിപാർശ

2056-00-101-99—ജയിലുകൾ

05-1—ഓഫീസ് ചെലവുകൾ വെള്ളക്കരം

വിവിധ ജയിലുകളിൽ തടവുകാരുടെ ബാഹുല്യം നിമിത്തം വെള്ളത്തിന്റെ ഉപഭോഗം കൂടിയതിനാൽ ബില്ലുകൾ മാറാൻ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 90)

<u>സ്വീകരിച്ച നടപടി</u>

23-6-2023 തീയതിയിലെ G.O.(Rt) No. 4831/2023/FIN ഉത്തരവ് പ്രകാരം 20 ലക്ഷം രൂപ, 10-10-2023 തീയതിയിലെ G.O.(Rt) No. 7119/ 2023/FIN ഉത്തരവ് പ്രകാരം 39,46,000 രൂപ 12-2-2024 തീയതിയിലെ G.O.(Rt) No. 2681/2024/FIN നമ്പർ ഉത്തരവ് പ്രകാരം 46 ലക്ഷം രൂപ എന്നിങ്ങനെ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

05-2—<u>ഓഫീസ് ചെലവുകൾ വൈദ്യുതിചെലവ്</u>

വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ് കണക്കിലെടുത്ത് വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 91)

<u>സ്വീകരിച്ച നടപടി</u>

22-2-2024 തീയതിയിലെ G.O.(Rt) No. 1649/2024/FIN ഉത്തരവ് പ്രകാരം 40 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

06—<u>വാടക, കരം, നികുതി</u>

കെട്ടിടങ്ങളുടെ നികുതി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചതിനാൽ പുതുക്കിയ നിരക്കിലുള്ള നികുതി അടയ്ക്കുന്നതിനായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 92)

സ്വീകരിച്ച നടപടി

21-12-2023 തീയതിയിലെ G.O.(Rt) No. 9017/2023/FIN ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

ശിപാർശ

2056-00-101-99—ജയിലുകൾ

21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളിലേക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 93)

സ്വീകരിച്ച നടപടി

ജയിൽ വകുപ്പിൽ നിന്നും അധികമായി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും 21-12-2023 തീയതിയിലെ G.O.(Rt) No. 9025/2023/FIN ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു. കൂടാതെ 12-3-2024 തീയതിയിലെ G.O.(Rt) No. 2335/2024/FIN ഉത്തരവ് പ്രകാരം 40,000 രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2056-00-101-99—ജയിലുകൾ

34-3—മറ്റ് ചെലവുകൾ – മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്ന്, കോടതിയിൽ ഹാജരാക്കുന്നതിനുള്ള ബത്ത, ബാർബർ ചാർജ്ജസ് തുടങ്ങിയവയുൾപ്പെടെയുള്ള ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 94)

സ്വീകരിച്ച നടപടി

7 കോടി രൂപ അവസാന ബാച്ച് എസ്.ഡി.ജി.-യിൽ അധികമായി അനുവദിക്കുകയും, ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2056-00-101-99—ജയിലുകൾ

45—പി.ഒ.എൽ.

ഇന്ധന വിലയിലെ വർദ്ധനവ് കാരണം വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കാൻ നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 95)

സ്വീകരിച്ച നടപടി

10-11-2023 തീയതിയിലെ G.O.(Rt) No. 7852/2023/FIN ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും 27-1-2024 തീയതിയിലെ G.O.(Rt) No. 771/ 2024/FIN ഉത്തരവ് പ്രകാരം 15 ലക്ഷം രൂപയും അധികമായി അനുവദിക്കുകയും, ടി തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2056-00-101-99—ജയിലുകൾ

56—ഭക്ഷണവും ധനസഹായവും

തടവുകാരുടെ ഭക്ഷണാവശ്യങ്ങളുടെ ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിലെ വിഹിതത്തിനുപുറമെ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 96)

സ്വീകരിച്ച നടപടി

അവസാന ബാച്ച് എസ്.ഡി.ജി.-യിൽ 10 കോടി രൂപയും, 22-2-2024 തീയതിയിലെ G.O.(Rt) No. 1649/2024/FIN ഉത്തരവ് പ്രകാരം 2 കോടി രൂപയും അധികമായി അനുവദിക്കുകയും, ടി തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2056-00-001-98—<u>ജയിലുകളുടെ നവീകരണം</u>

34-3—<u>മറ്റ് ചെലവുകൾ - മറ്റിനം</u>

വടകര റൂറൽ ജയിൽ, തളിപ്പറമ്പ് സബ്ബ്‌ജയിൽ രണ്ടാം ഘട്ടം, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ക്വാർട്ടേഴ്സ് - ആദ്യ ഘട്ടം എന്നിവയുടെ നിർമ്മാണത്തിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 97)

<u>സ്വീകരിച്ച നടപടി</u>

വടകര റൂറൽ ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിനായി 232.18 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തെ '2056-00-001-98-34 മറ്റ് ചെലവുകൾ (3) മറ്റിനം (പ്ലാൻ)' എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിച്ചിരുന്നില്ല.

തളിപ്പറമ്പ് സബ് ജയിലിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 2023-24 സാമ്പത്തിക വർഷത്തെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതി സ്കീമിൽ ഉൾപ്പെടുത്തി 327.99 ലക്ഷം രൂപ '2056-00-001-98-34 മറ്റ് ചെലവുകൾ (3) മറ്റിനം (പ്ലാൻ)' എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രവൃത്തിയുടെ മൂലധന സ്വഭാവം (Capital nature) കണക്കിലെടുത്തുകൊണ്ട് ടി ശീഷകത്തിൽ നിന്നും പ്രസ്തുത തുക റിസംപ്ഷൻ ചെയ്യുകയും 4059-60-051-7-(പ്ലാൻ) എന്ന പൊതുമരാമത്ത് വകുപ്പിന്റെ മൂലധന ശീർഷകത്തിൽ വകയിരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പുതുതായി പ്രവർത്തനം ആരംഭിച്ച തവനൂർ സെൻട്രൽ ജയിലിലെ ജീവനക്കാർക്കായി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കായി 2023-24 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2058-00-001-99—<u>ഭരണവും നടത്തിപ്പും</u>

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക്/കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-ശമ്പളം | 1.5030 കോടി രൂപ |
| 04-യാത്രാബത്ത | 5.00 ലക്ഷം രൂപ |
| 05-ഓഫീസ് ചെലവുകൾ | 3.00 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 2.02 ലക്ഷം രൂപ |
| 21-1-വാഹനം വാങ്ങൽ | 40 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 98)

<u>സ്വീകരിച്ച നടപടി</u>

01—<u>ശമ്പളം</u>

ശമ്പളം ശീർഷകത്തിലെ ഉപശീർഷകമായ 2058-00-001-99-00-01-4 – മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലേക്ക് 2058-00-101-99-00-19 എം & ഇ ശീർഷകത്തിൽ നിന്നും 1,52,000 രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

04—<u>യാത്രാബത്ത</u>

അധികധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിരുന്നു. എന്നാൽ ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക ചെലവാക്കാതെ അവശേഷിക്കുന്നതിനാൽ, അധിക തുക അനുവദിച്ചിട്ടില്ല.

05—<u>ഓഫീസ് ചെലവുകൾ</u>

2058-00-001-99-00-04-4 എൽ.റ്റി.സി. എന്ന ശീർഷകത്തിൽ നിന്നും 15,000 രൂപ 2058-00-001-99-05-1 വാട്ടർ ചാർജ്ജ് എന്ന ശീർഷകത്തിലേയ്ക്കും, 2058-00-001-

99-00-05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ നിന്നും 3,27,000 രൂപ 2058-00-001-99-00-05-3 ടെലിഫോൺ ചാർജസ് എന്ന ശീർഷകത്തിലേയ്ക്കും ധനഃപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

06—വാടക, കരം, നികുതി

കെട്ടിട നികുതി കുടിശ്ശിക ഒടുക്കേണ്ടിയിരുന്നതിനാൽ ടി ശീർഷകത്തിലേയ്ക്ക് അധിക തുക ആവശ്യമായി വരികയും 2058-00-101-99-00-24-എം.&എസ്. ശീർഷകത്തിൽ നിന്നും 21,21,000 രൂപ 2058-00-001-90-00-06 ആർ.ആർ.റ്റി. എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

21-1—വാഹനം വാങ്ങൽ

അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിരുന്നു. 8-11-2023 തീയതിയിലെ സ.ഉ.(കൈ) നമ്പർ 166/2023/ധന നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ, സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നീ ചെലവുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതിനാൽ ടി ശീർഷകത്തിലേക്ക് അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

24—സാധനസാമഗ്രികൾ

സംരക്ഷണം, സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഇതു സംബന്ധിച്ച 18 - സംരക്ഷണം, 24 - സാധന സാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 27,000 രൂപയും 4.25 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 99)

<u>സ്വീകരിച്ച നടപടി</u>

പേപ്പർ ടെസ്റ്റിംഗ് ലാബിന്റെ അറ്റകുറ്റപണികളുമായി ബന്ധപ്പെട്ട് ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നതിനാൽ 2058-00-001-99-00-45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ നിന്നും 1,00,000 രൂപ 2058-00-101-99-00-18 മെയിന്റനൻസ് എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

അധികധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ final SDG-യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും SDG സർക്കുലറിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാലും അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2058-00-103-99—<u>ഗവൺമെന്റ് പ്രസ്സുകൾ</u>

ജീവനക്കാരുടെ ഓവർടൈം അലവൻസ്, വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും, അച്ചടിക്കുവേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-6-ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 50 ലക്ഷം രൂപ |
| 18-സംരക്ഷണം | 25 ലക്ഷം രൂപ |
| 24-സാധനസാമഗ്രികൾ | 75 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 100)

സ്വീകരിച്ച നടപടി

01-6—ഓവർടൈം അലവൻസ്

ടി ശീർഷകത്തിൽ ആവശ്യമായി വന്ന 11,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

05-4—മറ്റിനങ്ങൾ

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക ചെലവാക്കാതെ ശേഷിക്കുന്നതിനാൽ, അധിക തുക അനുവദിച്ചിട്ടില്ല.

06—വാടക, കരം, നികുതി

അധിക ധനാനുമതി വഴി 2,32,000 രൂപ അനുവദിച്ചിട്ടുണ്ട്.

18—സംരക്ഷണം

അധിക ധനാനുമതി വഴി 45,44,000 രൂപ അനുവദിച്ചിട്ടുണ്ട്.

24—സാധനസാമഗ്രികൾ

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക ചെലവാക്കാതെ ശേഷിക്കുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2070-00-106-99—സിവിൽ ഡിഫൻസ്

സിവിൽഡിഫൻസ് വോളന്റിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്ന ചെലവിലേക്കും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 101)

സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിലെ സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി 1 കോടി രൂപ സർക്കാർ ഉത്തരവ് (സാധാ) നം.229/2023/ഡി.എം.ഡി.തീയതി 5-4-2023 പ്രകാരം ഈ സാമ്പത്തിക വർഷം ദുരന്ത നിവാരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയതിനാൽ തുക ആവശ്യമായി വരാത്തതിനാൽ ഡയറക്ടർ ജനറൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2070-00-108-98-01—പ്രതിരോധവും നിയന്ത്രണവും - ജില്ലാ ജീവനക്കാർ

ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ജീവനക്കാരുടെ ചെലവുകൾ നിർവ്വഹിക്കുന്നതിലേക്ക് വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 102)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം 2070-00-108-98-01- ജില്ലാ ജീവനക്കാർ എന്ന കണക്കിനത്തിൽ 04-01- ടൂർ ടി.എ. എന്ന ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 382/2024/ധന തീയതി 12-1-2024 പ്രകാരം 50 ലക്ഷം രൂപയും സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 2350/2024/ധന. തീയതി 13-3-2024 പ്രകാരം 69 ലക്ഷം രൂപ 21 മോട്ടോർ വാഹനങ്ങൾ - 2 - റിപ്പയർ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 382/2024/ധന.തീയതി 12-1-2024 പ്രക്രാരം 50 ലക്ഷം രൂപയും 45- പി.ഒ.എൽ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നം 382/2024/ധന. തീയതി 12-1-2024 പ്രകാരം 1 കോടി രൂപയും അഡീഷണൽ ഫണ്ടായി അനുവദിക്കുകയും ടി തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2070-00-108-97—പരിശീലനം

വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവീസസ് അക്കാദമിയുടെയും ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രത്തിന്റെയും പ്രവർത്തനത്തിന് വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 103)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം 2070-00-108-97-(03) പരിശീലനം എന്ന കണക്കിനത്തിൽ 01-04-MRC ശീർഷകത്തിൽ

സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 4751/2023/ധന തീയതി 21-6-2023 പ്രകാരം അധിക ധനാനുമതിയായി 1 ലക്ഷം രൂപയും 04-01-ടൂർ ടി.എ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 7481/2023/ധന. തീയതി : 26-10-2023 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേന 6,50,000 രൂപയും, 04-02-ട്രാൻസ്ഫർ ടി.എ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 7481/2023/ധന. തീയതി: 26-10-2023 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേന 1 ലക്ഷം രൂപയും, 45 പി.ഒ.എൽ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 7481/2023/ധന. തീയതി 26-10-2023 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേന 3 ലക്ഷം രൂപയും അനുവദിക്കുകയും ടി തുകകൾ പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

2070-00-119-98—ഔദ്യോഗിക ഭാഷാ കമ്മീഷൻ

ഔദ്യോഗിക ഭാഷാ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-ശമ്പളം | 67.68 ലക്ഷം രൂപ |
| 02-വേതനം | 97,000 രൂപ |
| 04-യാത്രാ ചെലവുകൾ | 1.92 ലക്ഷം രൂപ |
| 05-ഓഫീസ് ചെലവുകൾ | 3.99 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 13.70 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 104)

## സ്വീകരിച്ച നടപടി

അധികമായി ശിപാർശ ചെയ്ത തുക അനുവദിക്കുന്നതിലേക്കായി 12-5-2023-ലെ 450/എ 1/2023/ഔ.ഭാ.(നി.നി.)ക. നമ്പർ കത്ത് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്വയം പഠനത്തിനും തുടർച്ചയായ റഫറൻസിനുമായി ഓൺലൈൻ ഡിജിറ്റൽ പരിശീലനമൊഡ്യൂൾ സജ്ജീകരിക്കുന്നതിനും, പുസ്തകപ്രസിദ്ധീകരണം, ഭാഷാമാർഗ്ഗനിർദ്ദേശക വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ, മലയാളദിനാഘോഷം എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 56.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 105)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തികവർഷം വകുപ്പിന്റെ ചെലവുകൾക്കായി 2070-00-119-97-05-4 - മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട തുക 2.21 ലക്ഷം രൂപ മാത്രമാണ്. ടി തുക തികച്ചും അപര്യാപ്തമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകയായ 56.79 ലക്ഷം രൂപയിൽ നിന്നും 2023-ലെ മലയാളദിനഭരണഭാഷാവാരാഘോഷ പരിപാടികളുടെ നടത്തിപ്പിനായി 2,00,000 രൂപയും ആഘോഷപരിപാടികളുടെ ഭാഗമായി 2023-ലെ ഭരണഭാഷാപുരസ്കാര വിജയികൾക്ക് സമ്മാനം നൽകുന്നതിന് 4,00,000 രൂപയും ചേർന്ന് ആകെ 6,00,000 (ആറുലക്ഷം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2070-00-119-97-05-4 -മറ്റിനങ്ങൾ എന്ന ഹെഡ്ഡിൽ അനുവദിച്ചുനൽകുന്നതിന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി.

ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം 17-9-2023-ലെ ജി.ഒ.(ആർ.ടി.) നമ്പർ 381/2023/പി & എ.ആർ.ഡി. പ്രകാരം 2023-ലെ മലയാളദിനാഘോഷപരിപാടികളുടെ നടത്തിപ്പിനും പുരസ്കാരവിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി 6,00,000 (ആറുലക്ഷം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2070-00-119-97-05-4 - മറ്റിനങ്ങൾ എന്ന ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25-10-2023-ലെ ജി.ഒ.(ആർ.ടി.) നമ്പർ 7456/2023/ഫിൻ പ്രകാരം ധനകാര്യ വകുപ്പിൽ നിന്ന് മലയാളദിനാഘോഷപരിപാടിയുടെ നടത്തിപ്പിനും ഭരണഭാഷാപ്രയോഗം സംബന്ധിച്ച പുരസ്കാരവിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി ആകെ 4.15 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായി. മലയാളദിന ഭരണഭാഷാ വാരാഘോഷങ്ങൾക്കായി ആകെ 3,55,630 രൂപ (മൂന്നുലക്ഷത്തി അൻപത്തി അയ്യായിരത്തി അറുനൂറ്റിമുപ്പത് രൂപ മാത്രം) ചെലവായിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ മറ്റ് ചെലവുകൾക്കായി ഉപയോഗിച്ച 35,900 രൂപയും ഉൾപ്പെടെ ആകെ 3,91,530

രൂപയാണ് 2023-2024 സാമ്പത്തികവർഷം 2070-00-119-97-05-4-മറ്റിനങ്ങൾ എന്ന ഹെഡ്ഡിൽനിന്ന് വിനിയോഗിച്ചത്. ബജറ്റ് വിഹിതമായ 2,21,000 രൂപയ്ക്ക് പുറമേ ചെലവായ 1,71,000 രൂപ (ആയിരത്തിൽ റൗണ്ട് ഓഫ് ചെയ്ത്) റീ-അപ്രോപ്രിയേഷൻ മുഖേന ക്രമീകരിച്ചുകൊണ്ട് 25-4-2024-ലെ ജി.ഒ.(ആർ.ടി.) 3645/2024/ഫിൻ. ഉത്തരവായിട്ടുണ്ട്.

ശിപാർശ

4058-00-103-95—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

സർക്കാരിന്റെ അച്ചടി ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും പ്ലാൻ റൈറ്റ് അപ്പ് പ്രകാരമുള്ള മെഷീൻ പർച്ചേസിനുമായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 106)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക ചെലവാക്കാതെ ശേഷിക്കുന്നതിനാൽ, അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം / സ്ഥലം വാങ്ങൽ

വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് കെട്ടിടം പണിയുന്നതിനും ഉപഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 107)

സ്വീകരിച്ച നടപടി

അധിക തുകയ്ക്കുള്ള ആവശ്യകത സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

(02) 36—അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ - സഹായധനം - ശമ്പളേതരം

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 108)

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണെന്നും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

ശിപാർശ

3425-60-200-71-(07)-31—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കുള്ള കേരള സ്റ്റേറ്റ് കൗൺസിൽ സഹായധനം - ശമ്പളം

കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 47.3129 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 109)

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണെന്നും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

ശിപാർശ

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

31—സഹായധനം - ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് CSIR നിരക്കിലും സംസ്ഥാന സർക്കാർ നിരക്കിലും ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിക്കുന്നതിനും, സർക്കാർ അംഗീകരിച്ച തസ്തികകളിലേക്കുള്ള നിയമന നടപടി പൂർത്തീകരിച്ചാൽ CSIR നിരക്കിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 110)

സ്വീകരിച്ച നടപടി

8-5-2023 തീയതിയിലെ 3499/2023/ധന ഉത്തരവ് പ്രകാരം 3425-60-200-55-31 ശീർഷകത്തിൽ ഒരു കോടി അൻപത് ലക്ഷം രൂപ Re-appropriation മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

36—സഹായധനം - ശമ്പളേതരം

അതീവ സാംക്രമികസാദ്ധ്യതയുള്ള വൈറസുകളെകുറിച്ചുള്ള പഠനവും ഗവേഷണവും സുഗമമാക്കുന്നതിന് BSL III ഫെസിലിറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യം സ്ഥാപിക്കുന്നതിനും 5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 3.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 111)

സ്വീകരിച്ച നടപടി

സർക്കാർ ധന സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ

പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണെന്നും, സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണെന്ന് അറിയിച്ചു കൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

ശിപാർശ

3425-60-200-50—കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, കോട്ടയം

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസിൽ പുതിയതായി നിയമിക്കുന്ന ശാസ്ത്രജ്ഞരുടെ ശമ്പള ചെലവുകൾക്കും സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 112)

സ്വീകരിച്ച നടപടി

12-6-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4443/2023/ധന ഉത്തരവ് പ്രകാരം കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് 3425-60-200-50-31 എന്ന പുതിയ ഹെഡ്ഡ് അനുവദിക്കുകയും അതിൽ 1 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2210-06-107-97—കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

19 —യന്ത്രോപകരണങ്ങൾ

വകുപ്പിന് കീഴിലെ വിവിധ ലബോറട്ടറികളിലെ ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ കാലാനുസൃതമായി മാറ്റി ആധുനിക നിലവാരത്തിലുള്ള ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ (GCMS)വാങ്ങുന്ന ചെലവിലേക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.31 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 113)

<u>സ്വീകരിച്ച നടപടി</u>

11-9-2023-ലെ സി.ഇ.എൽ.ഡി./759/2023/എസ്1 പ്രകാരം അധികതുക ആവശ്യപ്പെട്ടു കൊണ്ട് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും 22-11-2023-ലെ ഇ 2/332/2023/ആഭ്യന്തരം കത്ത് പ്രകാരം നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി ലഭിച്ച 200 ലക്ഷം രൂപയിൽ 70 ശതമാനത്തോളമുള്ള തുക (135 ലക്ഷം രൂപ) ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. 14-7-2023-ലെ സ.ഉ.(സാധാ) നമ്പർ 1916/2023/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ GeM മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ബിഡ്ഡുകൾ ക്ഷണിച്ചപ്പോൾ ആദ്യഘട്ടത്തിൽ കമ്പനികൾ ആരും തന്നെ പങ്കെടുത്തിരുന്നില്ല. പിന്നീട് റീ ടെൻഡർ ചെയ്തപ്പോൾ ഒരു കമ്പനി മാത്രമാണ് പങ്കെടുത്തിരുന്നതും, 16-12-2023-ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. ഈ ഉപകരണങ്ങൾ കമ്പനി സപ്ലൈ ചെയ്ത ശേഷം മാത്രമേ ഇവയുടെ പേയ്മെന്റ് നടത്തുവാൻ സാധിക്കുകയുള്ളൂ.

<u>ശിപാർശ</u>

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

24—<u>സാധന സാമഗ്രികൾ</u>

വകുപ്പിന്റെ ഉപയോഗത്തിനാവശ്യമായ മൈക്രോവേവ് ഡൈജസ്റ്റർ, സർവൈലൻസ് ക്യാമറ, ഫ്രാങ്കിംഗ് മെഷീൻ, കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ എന്നിവ വാങ്ങാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 114)

<u>സ്വീകരിച്ച നടപടി</u>

കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 3 ലക്ഷം രൂപ അധികതുകയായി അനുവദിക്കണമെന്നാവശ്യപ്പെട്ട് 25-1-2024-ലെ സി.ഇ.എൽ.ഡി./440/2024-എസ്1 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യവകുപ്പ് അധികതുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

34-3—മറ്റിനം

വകുപ്പിലെ വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനും സോഫ്റ്റ് വെയർ അപ്ഗ്രഡേഷനും ടെക്നിക്കൽ ഓഫീസർമാരുടെ പരിശീലനത്തിനുമായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 115)

സ്വീകരിച്ച നടപടി

ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനും HPTLC എന്ന ഉപകരണത്തിന്റെ സോഫ്റ്റ്വെയർ അപ്ഗ്രഡേഷനുമായി 54 ലക്ഷം രൂപ അധികതുക ആവശ്യപ്പെട്ട് 25-1-2024-ലെ സി.ഇ.എൽ.ഡി./440/2024-എസ്1 പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ 19-3-2024-ലെ സ.ഉ.(സാധാ) നമ്പർ 2661/2024/ധന. ഉത്തരവ് പ്രകാരം 31 ലക്ഷം രൂപ അധികതുകയായി അനുവദിച്ചിട്ടുണ്ട്. ബാക്കി ചെലവുകൾക്ക് അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ശിപാർശ

2245-80-102-95—ചുഴലിക്കാറ്റ് മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

ചുഴലിക്കാറ്റ് കാരണമുണ്ടാകുന്ന അപകടങ്ങളെ ലഘൂകരിക്കുന്നതിനുള്ള പദ്ധതി നടത്തിപ്പിലേയ്ക്ക് നിലവിൽ തുക ഒന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2023 മാർച്ച് 14 വരെയാണ്. തുടർന്നുള്ള 4 മാസത്തെ ഗ്രേസ് പിരീഡിലേയ്ക്ക് കേന്ദ്ര സർക്കാർ (04) ഘടകത്തിന് [പ്രോജക്ട് മാനേജ്മെന്റിനും നിർവ്വഹണത്തിനുമുള്ള സഹായം (100% CSS)] ഫണ്ട് അനുവദിച്ചിട്ടില്ല. ആയതിനാൽ സംസ്ഥാന വിഹിതം അനുവദിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ 21 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 125)

സ്വീകരിച്ച നടപടി

3-6-2023-ലെ സ.ഉ.(സാധാ) 351/23/ഡി.എം.ഡി. പ്രകാരം NCRMP-യുമായി ബന്ധപ്പെട്ട സ്റ്റേറ്റ് പ്രൊജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റ്(SPIU)-യുടെ നടത്തിപ്പിനായി 2245-80-102-95 (05) (Plan) എന്ന പുതിയ ശീർഷകത്തിൽ 14,61,000 രൂപ (പതിനാല് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ശിപാർശ

3475-00-115-99—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 3.7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 126)

സ്വീകരിച്ച നടപടി

3475-00-115-99 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ, 9-5-2023-ലെ സ.ഉ.(സാധാ) നമ്പർ 3530/2023/ധന. പ്രകാരം 3.5 കോടി രൂപ അധികമായി അനുവദിച്ചു.

ശിപാർശ

5475-00-115-94—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം - ആർ.കെ.ഡി.പി. പോളിസി ലോൺ)

ആർ.കെ.ഐ. പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ഏകദേശം 1,500 കോടി രൂപ ആവശ്യമായി വരുമെന്നതിനാലും ആർ.കെ.ഐ.-യുടെ എല്ലാ പദ്ധതികളും നിർവ്വഹണഘട്ടത്തിലാണെന്നതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 127)

സ്വീകരിച്ച നടപടി

5475-00-115-94 കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോകബാങ്ക് സഹായം-ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ) എന്ന ശീർഷകത്തിലേയ്ക്ക് 4-1-2024-ലെ സ.ഉ.(സാധാ) നമ്പർ 114/2024/ധന. പ്രകാരം 150 കോടി രൂപയും 13-2-2024-ലെ സ.ഉ.(സാധാ) നമ്പർ 1152/2024/ധന. പ്രകാരം 30 കോടി രൂപയും (ആകെ 180 കോടി രൂപ മാത്രം) അധികമായി അനുവദിച്ചു.

ശിപാർശ

5475-00-115-93—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ. സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)

03—റോഡുകളും പാലങ്ങളും (ആർ.കെ.ഐ.)

നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് കെ.എഫ്.ഡബ്ല്യൂ. സഹായത്തോടെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 128)

സ്വീകരിച്ച നടപടി

5475-00-115-93 കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ. സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ) എന്ന ശീർഷകത്തിലേക്ക് 26-6-2023-ലെ സ.ഉ.(സാധാ) നമ്പർ 4868/2023/ധന. ഉത്തരവ് പ്രകാരം 150 കോടി രൂപ, 19-9-2023-ലെ സ.ഉ.(സാധാ) നമ്പർ 6657/2023/ധന. ഉത്തരവ് പ്രകാരം 100 കോടി രൂപ, 4-1-2024-ലെ സ.ഉ.(സാധാ) നമ്പർ 114/2024/ധന. ഉത്തരവ് പ്രകാരം 60 കോടി രൂപ, 29-2-2024-ലെ സ.ഉ.(സാധാ) നമ്പർ 1917/2024/ധന. ഉത്തരവ് പ്രകാരം 40 കോടി രൂപ എന്നിങ്ങനെ ആകെ 350 കോടി രൂപ അധികമായി അനുവദിച്ചു

ഭാഗം - II

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ആകെ 138 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 112 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 26 ശിപാർശകളിൻമേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| ശിപാർശ/ഖണ്ഡിക നമ്പർ | വകുപ്പ് |
|---|---|
| 12 | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| 13 | പൊതുഭരണ (ഏകോപനം) വകുപ്പ് |
| 18, 19, 20 | ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് |
| 116-124 | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് |
| 23, 24, 129-134 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് |
| 135-138 | ഗതാഗത (ഇ) വകുപ്പ് |

**പിണറായി വിജയൻ,**

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2024, ജൂൺ 24.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.